22 OCT 1960

# തുഞ്ചത്തെഴുത്തച്ഛൻ

പുസ്തകം 11 | 1960 ഒക്ടോബർ | ലക്കം 6

## പ്രാർത്ഥന

ഉള്ളിൽ കനത്തമദമാത്സര്യമെന്നിവക-
ളുള്ളോരുകാല മൂടനെന്നാകിലും മനസി
ചൊല്ലുന്നിതൊരു തിരുനാമങ്ങളൊന്നവനു
നല്ലം ഗതിക്കുവഴി നാരായണായനമഃ

## ആചാര്യസൂക്തികൾ

### ആത്മത്രാണനം ഏവനും വേണം.

മുന്നമൊരുകപോതം നിജപേടയോ-
ടൊന്നിച്ചൊരുവനം തന്നിൽ മേവീടിനാൻ
ഉന്നതമായൊരു പാദപാഗ്രേ തദാ
ചെന്നൊരു കാട്ടാളനെയ്തുകൊന്നീടിനാൻ
തന്നുടെ പക്ഷിണയെസ്സരതാന്തരെ
വന്നൊരുദുഃഖം പൊറാഞ്ഞുകരഞ്ഞവൻ
തന്നെ മറന്നിരുന്നീടും ദശാന്തരെ
വന്നിതു കാററും മഴയും ദിനേശനും
ചെന്നു ചരമാബ്ധിതന്നിൽ മറഞ്ഞിതു
ഖിന്നനായ് വന്നു ശിവന്നു കിരാതനും
താനിരിക്കുന്ന വൃക്ഷത്തിൻ മുരടതിൽ
ദീനതയോടുനില്ക്കുന്ന കാട്ടാളനെ
കണ്ടു കരുണകലൻ കപോതവും
കൊണ്ടുവന്നാശു കൊടുത്തിതു വഹ്നിയും
തന്നുടെകയ്യിലിരുന്ന കപോതിയെ
വഹ്നിയിലിട്ടു ചുട്ടാശുതിന്നീടിനാൻ
എന്നതുകൊണ്ടു വിശപ്പടങ്ങീടാഞ്ഞു
പിന്നെയും പീഡിച്ചിരിക്കും കിരാതനു
തന്നുടെദേഹവും നൽകിനാനമ്പോടു
വഹ്നിയിൽവീണു കിരാതാശനാർത്ഥനായ്
അത്രയുംവേണമാശ്രിതരക്ഷണം
മർത്ത്യനെന്നാലോ പറയേണ്ടതില്ലല്ലോ.

— * —

# ഗീതാസാരം

കെ. രാഘവൻ തിരുമുല്ലാട്ട്, ചാലക്കുടി.

നാരായണൻ നരന്ന് സംശയം തീർത്ത് ധർമ്മത്തെ ഉപദേശിച്ചതാണ് ഗീത. അർജ്ജുനപര്യായമായ നരശബ്ദം മനുഷ്യസാമാന്യവാചികൂടെ ആണല്ലോ. പരസ്പരവിരുദ്ധങ്ങളായിത്തോന്നുന്ന നാനാ ധർമ്മങ്ങളുടെ നടുവിൽ വിവേകത്തിന്റെ പൂർണ്ണത ഇല്ലായ്മ നിമിത്തം, കർത്തവ്യമൂഢനായി സ്വധർമ്മത്തെ ത്യജിച്ച് പരധർമ്മരൂപമായ അധർമ്മത്തെത്തന്നെ മിക്കവാറും സ്വീകരിച്ചേയ്ക്കും എന്ന വിഷമത്തിലെത്തിച്ചേരുന്ന സാധാരണ മനുഷ്യനെ ഉദാഹരിക്കുക മാത്രമാണ് അർജ്ജുനൻ ചെയ്യുന്നതു്.

ഭാരതയുദ്ധം നടന്നേ കഴിയൂ എന്ന് തീരുമാനമായി ക്ഷമയുടെ മൂർത്തീമദ്ഭാവമായിരുന്ന അജാതശത്രുവായിരുന്ന, ധർമ്മപുത്രന്റെ ത്യാഗശീലത്തിന്നോ ഭീഷ്മദ്രോണാദികളുടെ ഉപദേശത്തിന്നോ ആ യുദ്ധത്തെ ഒഴിവാക്കുവാൻ കഴിഞ്ഞില്ല. സഹോദരപുത്രന്മാർ തമ്മിലുള്ള ആ യുദ്ധത്തിൽ ചാർച്ചയും വേഴ്ചയുമനുസരിച്ച് പല രാജാക്കന്മാരും സൈന്യങ്ങളോടുകൂടി ഓരോ ഭാഗത്തും അണിനിരന്നു. ഉഭയബന്ധുവായ ദ്വാരകാധിപതി സൈന്യങ്ങളെ, അതാഗ്രഹിച്ച കൌരവർക്കും നിരായുധനായ തന്നെത്തന്നെ, അതുകൊണ്ട് ചാരിതാർത്ഥ്യരും സന്തുഷ്ടരുമായ പാണ്ഡവർക്കും നല്കി. കുലവൃദ്ധനായ ഭീഷ്മരും ആചാര്യനായ ദ്രോണരും, സ്വധർമ്മനിഷ്ഠമൂലം, അഥവാ ധർമ്മത്തിന്റെ ഗതിയുടെ ഗഹനതമൂലം, കൌരവന്മാരുടെ പക്ഷത്തിൽത്തന്നെ നിന്നു. ദുര്യോധനന്റെ വിക്രിയകളെ ഒരിക്കലുമനുകൂലിച്ചിട്ടില്ലാത്തവരും, പാണ്ഡവപക്ഷപാതികളെന്നു മിക്കവരും കരുതിയിരുന്നവരുമായിരുന്നുവല്ലോ അവർ.

സൈന്യങ്ങളെല്ലാം രണ്ടുപങ്കിലും അണിനിരന്നുകഴിഞ്ഞു. യുദ്ധാരംഭത്തിന്ന് വേണ്ട സംജ്ഞ ലഭിക്കുകയേ വേണ്ടൂ. ഹൃഷീകേശൻ (ശ്രീകൃഷ്ണൻ) തെളിച്ചിരുന്ന തേരിൽ ഗുഡാകേശൻ (അർജ്ജുനൻ) പ്രതിപക്ഷത്തെ പര്യവേക്ഷണം ചെയ്യുന്നതിന്നുവേണ്ടി രണ്ട് സൈന്യങ്ങളുടേയും നടുവിൽ വന്നുനിന്നു. ആതതായികളായ, എല്ലാവിധത്തിലും തങ്ങളെ നശിപ്പിക്കുവാൻ ശ്രമിച്ചിട്ടുള്ള, ശത്രുക്കളുടെ നേർക്കുള്ള വിദ്വേഷംകൊണ്ട്, ആ അപകാരങ്ങൾക്കെല്ലാം പ്രതികാരം ചെയ്തേ അടങ്ങൂ എന്ന വൈരംകൊണ്ട്, വിജയന്റെ മനസ്സ് വികാരതീവ്രമായിരുന്നു.

ശത്രുപക്ഷത്തിന്റെ ആധിപത്യം വഹിച്ചുകൊണ്ട് മുത്തച്ഛനായ ഭീഷ്മർ നില്ക്കുന്നു. അടുത്തുതന്നെ, ദ്രോണർ തന്റെ അയനത്തിൽ അവസ്ഥിതനായി സേനകൾക്ക് നിർദ്ദേശം കൊടുക്കുന്നു. കൃപർ, ശല്യർ മുതലായി ഗുരുനാ

ഥന്മാരും ഗുരുസമന്മാരുമായി തങ്ങളുടെ ബഹുമാനത്തിന്നു മാത്രം അർഹരായിട്ടുള്ളവർ മിക്കവരും കൌരവപക്ഷത്തിലുണ്ടു്. സതീർത്ഥ്യന്മാർ, സ്നേഹിതന്മാർ മുതലായവരൊക്കെത്തന്നെ മിക്കവാറും അവിടെയാണു്. എതെങ്കിലും വിധത്തിൽ തങ്ങൾക്കു് ബന്ധവും ബഹുമാനവും ഉള്ളവരും; പല വിധത്തിലും തങ്ങൾ കടപ്പെട്ടിട്ടുള്ളവരുമല്ലാതെ അവിടെ ആരുമില്ലെന്നു് അർജ്ജുനന്നു് തോന്നി. ഇവരെയെല്ലാം നിഗ്രഹിച്ചല്ലാതെ, ദുര്യോധനനോടു് പകവീട്ടുവാനും അവകാശപ്പെട്ടതെന്നഭിമാനിച്ചിരുന്ന അർദ്ധരാജ്യത്തെ വീണ്ടെടുക്കാനും നിവൃത്തിയില്ലല്ലോ. ഇവരുടെ എല്ലാം സ്നേഹത്തിന്നും വാത്സല്യത്തിന്നും ആയുധംകൊണ്ടു് പ്രതിഫലം നൽകുക എന്നതോർക്കുവാൻ തന്നെ അർജ്ജുനന്നു് കഴിഞ്ഞില്ല. തന്നെ സവ്യസാചിയാക്കിയ ആചാര്യവര്യന്മാർക്കു് അസ്ത്രംകൊണ്ടു് ഗുരുദക്ഷിണ ചെയ്യുകയോ? ദുര്യോധനൻ തങ്ങളെ വളരെയധികം ദ്രോഹിച്ചിട്ടുണ്ടെങ്കിലും, തന്റെ സഹോദരൻതന്നെയല്ലേ? ദുര്യോധനൻ അറിവറവു് ചെയ്തുപോയതിന്നു് പകരമായി തങ്ങളും അറിവുകെട്ടു് പ്രവർത്തിക്കുന്നതു് എങ്ങനെയാണു് ശരിയാവുക? ദ്രോഹത്തെ മാത്രമോർത്തു്, മറ്റെല്ലാം മറന്നു് പക്ഷപ്രതിപക്ഷങ്ങളിലുള്ള ഒരു വിധത്തിലും ഉത്തരവാദികളല്ലാത്ത അസംഖ്യമാളുകളുടെ മരണത്തിന്നും, അതുനിമിത്തം പിന്നീടുണ്ടായിത്തീരുന്ന സാമൂഹികമായ പല ക്രമക്കേടുകൾക്കും കാരണമായിത്തീരുന്ന യുദ്ധത്തിൽ ഏർപ്പെടുന്നതു്, പ്രത്യേകിച്ചും ലാഭം അനിശ്ചിതവും സ്വല്പവുമായിരിക്കുമ്പോൾ, ആദരണീയമല്ലെന്നു് അർജ്ജുനന്നു് തോന്നി. സുഖത്തിന്റെ ആസ്വാദ്യത സ്വജനങ്ങൾ ഒരുമിച്ചനുഭവിക്കുന്നതിലാണല്ലോ. സ്വജനത്തെ നശിപ്പിച്ചുകിട്ടുന്ന സുഖത്തെക്കാൾ ഭേദവും ആദരണീയവും, ആ സുഖത്തിന്റെ സാമഗ്രികൾക്കുവേണ്ടി യുദ്ധത്തിന്നു് നില്ക്കുന്ന ബന്ധുക്കൾക്കും ഗുരുജനങ്ങൾക്കുംവേണ്ടി അവയെ തങ്ങൾതന്നെ ഉപേക്ഷിക്കുക എന്ന സ്വാർത്ഥത്യാഗത്തെ അനുഷ്ഠിക്കുകയും, നിവൃത്തിയില്ലെങ്കിൽ ഭിക്ഷാടനം തന്നെ ചെയ്യുകയും തന്നെയാണു് എന്നു് ആ ധനഞ്ജയന്നു് ബോദ്ധ്യമായതുപോലെയായി. ക്രമേണ ദ്വേഷം കരുണയായി മാറി.

ഇങ്ങനെ പെട്ടെന്നുണ്ടായ വികാരവിക്ഷോഭം നിമിത്തം, അർജ്ജുനൻ നിവർന്നുനില്ക്കുവാൻ തന്നെ അശക്തനായി. കയ്യിൽനിന്നു് ഗാണ്ഡീവം ഊർന്നു വീണു. ദേഹം വിറച്ചു നിറം വിളറുകയും വായ വരളുകയും ചെയ്തു. ആ മഹാബാഹു ഏററവും അപഹാസ്യനാകുമാറു്, ആ രണ്ടു് സൈന്യങ്ങളുടേയും നടുവിൽ, തേർത്തട്ടിൽത്തന്നെ, പാരവശ്യത്തോടുകൂടി, ഈ യുദ്ധത്തിന്നു് ഞാനില്ലെന്നു് പറഞ്ഞുകൊണ്ടു്, അമ്പും വില്ലും താഴത്തിട്ടു്, ഇരുന്നു. അർജ്ജുനന്റെ ഈ പാരവശ്യത്തെ ക്ഷുദ്രമായ ഹൃദയദൌർബ്ബല്യത്തെ, തീർക്കുവാൻവേണ്ടി ഉപദേശിച്ച തത്വങ്ങളാണു് ഗീതയിൽ അടങ്ങിയിരിക്കുന്നതു്.

ഭഗവൽപ്രസാദംകൊണ്ടു് ധർമ്മബോധംവന്ന അർജ്ജുനൻ സംശയംതീർന്നു്, "കരിഷ്യേ വചനം തവ" (അവിടുത്തെ വാക്കുപോലെ പ്രവർത്തിക്കാം) എന്നു് സ്വധർമ്മമെന്നു ബോധ്യമുള്ള യുദ്ധത്തിൽ വീണ്ടും സന്നദ്ധനായി

ത്തീരുകയും ചെയ്തു. ഭഗവാന്റെ ഉപദേശങ്ങൾ എപ്രകാരം അർജ്ജുനന്റെ സംശയം തീർത്തു എന്നു് പരിശോധിക്കാം.

ഭീഷ്മദ്രോണാദികളെ സ്വസുഖത്തിന്നു് വേണ്ടി നിഗ്രഹിക്കുന്നതിലും ഭേദം അർത്ഥകാമന്മാരായ അവർക്കുവേണ്ടി ആ സുഖത്തിന്നുള്ള സാമഗ്രികളായ രാജ്യാദികളെ ത്യജിക്കുകതന്നെയാണു് നല്ലതെന്നു് വെച്ചാണല്ലോ അർജ്ജുനൻ യുദ്ധത്തിൽ നിന്നു് പിന്തിരിഞ്ഞു് ഭിക്ഷാടനത്തിന്നുപോലും സന്നദ്ധനായതു്. ഭീഷ്മാദികളെ നിഗ്രഹിക്കാതെ യുദ്ധംചെയ്യാമെന്നോ യുദ്ധാനന്തര ദുരിതങ്ങളെ പരിഹരിക്കാനുള്ള മാർഗ്ഗങ്ങളുണ്ടെന്നോ പറഞ്ഞല്ല ഭഗവാൻ അർജ്ജുനനെ സമാധാനിപ്പിച്ചതു്. അർജ്ജുനന്റെ സംശയങ്ങൾക്കു് നേരിട്ടു് സമാധാനം പറയാതെ, അവയുടെ അടിസ്ഥാനത്തെത്തന്നെ നീക്കുകയാണദ്ദേഹം ചെയ്തതു്. എന്തുകാരണംകൊണ്ടായാലും സ്വധർമ്മമെന്നു് നിശ്ചയമുള്ള യുദ്ധത്തിൽ നിന്നു് പിന്തിരിയുന്നതു് (തല്ക്കാലികമായ യുദ്ധം സ്വധർമ്മമാണെന്ന കാര്യത്തിൽ അർജ്ജുനന്നു് സംശയമുണ്ടായിരുന്നില്ലല്ലോ) അയശസ്കരമാണെന്നും മററും ഏററവും താഴത്തെപ്പടിയിൽ നിന്നുതന്നെ ഉൽബോധിപ്പിച്ചു എങ്കിലും കർമ്മം ചെയ്യേണ്ടതു് ജയാജയങ്ങളേയോ, യശസ്സിന്റേയോ മററന്തിന്റേയെങ്കിലുമോ ലാഭാലാഭങ്ങളേയോ അവകൊണ്ടുണ്ടാവുന്ന സുഖാസുഖങ്ങളേയോ ഉദ്ദേശിച്ചല്ല എന്നു് വ്യക്തമാകമാറു്, കർമ്മകൌശലമായ യോഗത്തെ, കർമ്മയോഗത്തിന്റെ തത്വത്തെ ഭഗവാൻ പാർത്ഥന്നു് ഉപദേശിച്ചു. പ്രവർത്തിക്കുക എന്നതു് ജന്തുവിന്റെ സ്വഭാവമാണു്. ഒരു നിമിഷംപോലും ഒന്നും ചെയ്യാതെ ഇരിക്കുക എന്നതു് അസാദ്ധ്യമാകുന്നു. ആ സ്വഭാവത്തെ ദുഃഖത്തിന്റെ കലർപ്പില്ലാത്ത സുഖത്തിന്റെ ലാഭത്തിന്നുവേണ്ടി, അഥവാ സുഖദുഃഖാതീതമായ പരമാനന്ദത്തിന്നുവേണ്ടി, ഉപയോഗിക്കുകയാണു് വേണ്ടതു്. എന്നാൽ കർമ്മത്തിന്റെ അനുഷ്ഠാനം കൊണ്ടു് അനുഗുണമായ വാസനയുണ്ടാവുന്നു. വാസന അതിനനുസരിച്ചു് കർമ്മത്തിൽ ആസക്തിയും അഭിരുചിയും ഉണ്ടാക്കും. ഇങ്ങനെ കർമ്മം നല്ലതോ ചീത്തയോ ആയാലും അതിന്നു തക്കവണ്ണമുള്ള വാസനക്കും അതു് വീണ്ടും കർമ്മത്തിന്നും കാരണമായിത്തീർന്നു് ഒരു ശൃംഖല സൃഷ്ടിക്കുന്നു. ഇതിനെയാണു് കർമ്മബന്ധമെന്നു് പറയുന്നതു്. ജനനത്തിന്നും മരണത്തിന്നും വീണ്ടും ജനനത്തിന്നും ജനനമരണങ്ങൾക്കിടയിലുള്ള എല്ലാത്തരത്തിലുള്ള അനുഭൂതികൾക്കും പ്രതീതികൾക്കും കാരണം ആയിത്തീരുന്നതു് ഈ കർമ്മബന്ധമാണു്. അങ്ങനെയതു് അവസാനമില്ലാത്തതോ എന്നു് തോന്നുമാറിരിക്കുന്ന സംസാരമായിത്തീരുന്നു. സല്ക്കർമ്മം മൂലം സദ്വാസനയുണ്ടാകുമെന്നല്ലാതെ സംസാരനിവൃത്തിയുണ്ടാവുന്നതല്ല. എന്നാൽ ഈ കർമ്മബന്ധത്തെ മുറിച്ചുകളയുന്നതിന്നു്, ഈ സംസാരശൃംഖലയുടെ കണ്ണികളെ ദുർബ്ബലമാക്കുന്നതിന്നു്, ഒരു കൌശലമുണ്ടു്. ഫലത്തിലുള്ള സങ്കല്പംകൊണ്ടു്, പ്രത്യേകമായ ഉദ്ദേശംകൊണ്ടു്, രാഗദ്വേഷങ്ങളുടെ പ്രേരണകൊണ്ടു്, ചെയ്യപ്പെടുന്ന കർമ്മമേ ബന്ധഹേതുകമാവുകയുള്ളൂ. രാഗദ്വേഷങ്ങളുടെ പ്രേരണ കൂടാതെ, പ്രത്യേകമായ ഒരു സങ്കല്പവും കൂടാതെ സ്വധർമ്മമാകകൊണ്ടുമാ

ത്തും, ജയാജയങ്ങളിലോ ലാഭാലാഭങ്ങളിലോ സുഖദുഃഖങ്ങളിലോ ദൃഷ്ടിവെക്കാതെ, അനുഷ്ഠിക്കപ്പെടുമ്പോൾ കർമ്മം, വറുത്ത വിത്തു് മുളക്കാത്തതുപോലെ, സംസാരബീജമാകാതിരിക്കും. ഇങ്ങനെ, സംസാരബീജമാകാതെ, ബന്ധഹേതുകമല്ലാതെ, കർമ്മം അനുഷ്ഠിക്കപ്പെടുന്നതിനാണു് കർമ്മയോഗം എന്നു് പറയുന്നതു്.

എന്നാൽ വാസനാമൂലം എന്നുതന്നെ പറയാം. കാമം (വിഷയാഭിനിവേശം) അതിന്റെതന്നെ രൂപഭേദങ്ങളായ ലോഭത്തോടും ക്രോധത്തോടും കൂടിച്ചേർന്നു്, മനസ്സിനെ നിയന്ത്രണാധീനമല്ലാതാക്കിത്തീർക്കുന്നു. പഠിച്ചും മററും അറിവുസമ്പാദിച്ചിട്ടുള്ളവരുടെ മനസ്സിനെപ്പോലും മഥിച്ചു് അപഥത്തിൽ വ്യാപരിപ്പിക്കുന്ന മനോഭാവങ്ങളാണവ. ചിത്തവൃത്തികളെ നിരോധിച്ചു് മനസ്സിനെ കാമത്തിന്റെ അധീനതയിൽ നിന്നു് തിരിച്ചെടുക്കുന്നതിനുള്ള മാർഗ്ഗം ധ്യാനയോഗത്തെ ശീലിക്കുകയാണു്. ധ്യാനയോഗാംഗങ്ങളായ യമനിയമാദ്യനുഷ്ഠാനംകൊണ്ടു് മനസ്സും ശരീരവും ശുദ്ധവും നിയന്ത്രണാധീനവും കർമ്മക്ഷമവുമായിത്തീരുന്നു. അഹിംസാസത്യാദികളായ യമങ്ങൾ കർമ്മയോഗത്തിന്നു് അനുകൂലമായ മനോഭാവത്തെ ഉളവാക്കുകയും സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു വെന്നതും ഓർക്കേണ്ടതാണു്. ചിത്തൈകാഗ്ര്യവും ചിത്തവൃത്തിനിരോധവും ധ്യാനയോഗാനുശീലനംകൊണ്ടേ ഉണ്ടാവൂ എന്നു് വരുമ്പോൾ, നിഷ്കാമമായി സ്വധർമ്മത്തെ ആചരിക്കുക എന്ന കർമ്മയോഗത്തിന്റെ പരിപൂർണ്ണതക്കു് ധ്യാനയോഗത്തിന്റെ സഹകരണം ഏറെക്കുറെ ഒഴിച്ചുകൂടാത്തതാണെന്നു് വ്യക്തമാണല്ലോ. അദ്ധ്യാത്മയോഗത്തിന്റെ ബാഹ്യമായ അംശമാണു് കർമ്മയോഗം. ധ്യാനയോഗം ആന്തരമായ അംശവും.

ഈ സാധനകളുടെ പ്രയോജനം സത്വത്തിന്റെ ചിത്തത്തിന്റെ അന്തഃകരണത്തിന്റെ, ശുദ്ധിയാണു്. അജ്ഞാനത്തിന്റെ ആവരണം നീങ്ങി ശുദ്ധമാകുന്ന അന്തഃകരണത്തിൽ ജ്ഞാനം പ്രകാശിക്കുന്നു. ജ്ഞാനം പരമാനന്ദമായ മോക്ഷത്തിന്നു് സാക്ഷാൽക്കാരണമാകുന്നു. അന്തഃകരണശുദ്ധികൂടാതെ, ശാസ്ത്രങ്ങളിൽ നിന്നോ ആചാര്യനിൽ നിന്നോ മററോ കിട്ടുന്ന അറിവു് ജ്ഞാനമല്ല. വാസ്തവത്തിൽ ശാസ്ത്രങ്ങളും ആചാര്യനും മററും അജ്ഞാനത്തിന്റെ നിരാകരണത്തിന്നു് സഹായിക്കുകയും സഹകരിക്കുകയും മാത്രമേ ചെയ്യുന്നുള്ളു. ആഭ്യന്തരവും ബാഹ്യമായ സാധനകളിൽ അഭ്യാസവും അതുപോലെ തന്നെ ശാസ്ത്രാചാര്യോപദേശങ്ങൾ നിമിത്തം ഉണ്ടാവുന്ന വൈരാഗ്യവും കൊണ്ടു് സ്വയം യത്നിക്കുകയല്ലാതെ ഗത്യന്തരമില്ല. ഇതരവിഷയങ്ങളും ഇതര മാർഗ്ഗങ്ങളും ദുഃഖങ്ങളും ദുർഘടങ്ങളുമാണെന്നു് മനസ്സിലാക്കി അവയിൽ രാഗം—ആസക്തിയും അഭിനിവേശവും ഇല്ലാതിരിക്കൽ തന്നെയാണു് വൈരാഗ്യം. സർവ്വഭൂതാത്മഭൂതാത്മാവായാൽ ജ്ഞാനത്തിന്റെ സാക്ഷാൽക്കാരമായി സർവ്വഭൂതങ്ങളിലും തന്നിലും കൂടെ അവ ഭാസിക്കുന്നതു് ഒരേ ആത്മാവുതന്നെയാണു് അനുഭൂതിയോടുകൂടി, വിഭക്തങ്ങളായിത്തോന്നുന്ന സർവ്വഭൂതങ്ങളിലും അവിഭക്തവും അവ്യയവുമായിരിക്കുന്ന ഒരേഭാവത്തെത്തന്നെ സാക്ഷാൽക്കരിക്കുക എന്നതാണു് ജ്ഞാനസാക്ഷാൽക്കാരത്തിന്റെ സ്വ

ഭാവം. പരസ്പരം ഭേദഭാവന പരിപൂർണ്ണമായി നശിക്കുമ്പോൾ മാത്രം സാധ്യമാകുന്ന അഹങ്കാരത്തിന്റെ പൂർണ്ണമായ രാഹിത്യം ജ്ഞാനിയുടെ ആചാരങ്ങളിലും വിചാരങ്ങളിലും സദാ സ്വാഭാവികമായി വ്യക്തമായിക്കൊണ്ടിരിക്കും. ത്രിഗുണാതീതനും സ്ഥിതപ്രജ്ഞനുമായ ജ്ഞാനിക്ക് വിധിനിഷേധങ്ങൾ ഒന്നും ബാധകമല്ല ജ്ഞാനിക്ക് രാഗദ്വേഷാദിരാഹിത്യം സ്വഭാവമാണ് എന്ന് താല്പര്യം. എന്നാൽ ലോകസംഗ്രഹത്തിനുവേണ്ടി പ്രവൃത്തിയിൽ ഏർപ്പെട്ടുകാണുന്ന മഹാപുരുഷന്റെ മാതൃക പിന്തുടന്ന്, തത്സ്വഭാവങ്ങളായ അദ്വേഷ്ടൃത്വാദി ഗുണങ്ങളെ അഭ്യാസംകൊണ്ട് സ്വായത്തമാക്കുക എന്നതു് സാധകന്റെ സാധനയിൽപ്പെടുന്നതു് മാത്രമാണ്. അധർമ്മത്തിലും അപഥത്തിലും പ്രവൃത്തി വന്നുപോകാതിരിക്കുന്നതിനും കൂടി അതു് ഒഴിച്ചുകൂടാത്തതാണ്.

നിഷ്കാമമായി, കാമക്രോധങ്ങളുടെ പ്രേരണയും രാഗദ്വേഷങ്ങളുടെ സ്പർശവും ഇല്ലാത്തവിധം കർമ്മത്തെ ആചരിക്കുന്നതിനു ഒഴിച്ചുകൂടാത്ത സംസ്കാരം മേൽവിവരിച്ച തരത്തിലുള്ള ജ്ഞാനംകൊണ്ട് മാത്രമേ ഉണ്ടാവുകയുള്ളൂ. അദ്വൈത തത്വശാസ്ത്രത്തിന്റെ പ്രാമാണ്യവും പ്രേരണയും സാധകാവസ്ഥയിൽപ്പോലും, അദ്വൈതത്തെ സാക്ഷാൽക്കരിച്ചുകഴിഞ്ഞിട്ടില്ലാത്ത അവസ്ഥയിൽതന്നെ ഒഴിച്ചുകൂടാത്തതാണ്. സാധകൻ തത്വമസ്യാദി മഹാവാക്യങ്ങളുടെ മനനംകൊണ്ടും നിദിധ്യാസനംകൊണ്ടും ആ പ്രാമാണ്യത്തെ അംഗീകരിക്കുകയും ആ പ്രേരണയെ ആദരിക്കുകയും ആ സംസ്കാരത്തെ അഭിവൃദ്ധിപ്പെടുത്തുകയും ആണ് ചെയ്യുന്നതു്. ഇങ്ങനെ ആലോചിക്കുമ്പോൾ കർമ്മയോഗവും ധ്യാനയോഗവും ജ്ഞാനയോഗവും പരസ്പരം സഹായിക്കുന്നതു് മാത്രമല്ല അന്യോന്യം ഒഴിച്ചുകൂടാത്തതുകൂടിയാണെന്നു് കരുതേണ്ടിയിരിക്കുന്നു ഗീതയുടെ ഉപദേശം കർമ്മയോഗമാണെന്നോ ധ്യാനയോഗമാണെന്നോ ജ്ഞാനയോഗമാണെന്നോ എല്ലാം വാദിക്കുന്നതും സമർത്ഥിക്കുന്നതും സാങ്കേതികമായി പ്രയോജനപ്പെടുകയില്ല എന്നു് ഞാൻ പറയുന്നില്ല. എന്നാൽ ഒരു സാധകന്റെ നിലയിൽനിന്നു്, അദ്ധ്യാത്മമാർഗ്ഗത്തിൽ പ്രവേശിക്കുന്ന ഒരു സാധാരണക്കാരന്റെ നിലയിൻനിന്നു്, നോക്കുമ്പോൾ ഒരു യോഗത്തിന്നെതിരായി മറെറാരു യോഗത്തെ ഗീത ആശംസിക്കുന്നുവെന്നല്ല, എല്ലാ യോഗങ്ങളുടേയും സമഞ്ജസമായ സമന്വയമാണതെന്നാണ് തോന്നുക. ബുദ്ധി, മനസ്സ് ശരീരം എന്നിങ്ങനെ മൂന്നുപാധികൾ മനുഷ്യനുണ്ടല്ലോ. ജ്ഞാനയോഗംകൊണ്ട് ബുദ്ധിയുടേയും, ധ്യാനയോഗംകൊണ്ട് മനസ്സിന്റെയും കർമ്മയോഗംകൊണ്ട് ശരീരത്തിന്റേയും, ആദ്ധ്യാത്മികമായ സംസ്കാരമാണ് നിർവ്വഹിക്കപ്പെടുന്നതു്. ഇവ മൂന്നും ഒരേ ക്ഷേത്രത്തിന്റെ പ്രതിഭാസങ്ങൾ മാത്രമാണെന്നു് കാണുമ്പോൾ, ഈ മൂന്നുയോഗങ്ങളേയും ഇണക്കിക്കൊണ്ട് അവിരുദ്ധമായി പുരോഗമിക്കേണ്ടതു് സാധകനെ സംബന്ധിച്ചേടത്തോളം ഒഴിച്ചുകൂടാത്തതാണെന്നു് കരുതാം.

ഒരുവിധത്തിൽ നോക്കിയാൽ ഭക്തിയോഗം ഇവയുടെ സമന്വയമാണ്. പ്രതീകത്തെ അംഗീകരിച്ചു്, നിർഗ്ഗുണമായ വസ്തുവിനെ സഗുണമായി സങ്ക

ല്പിച്ച് കുറച്ചുകൂടി എളുപ്പമായ വിധത്തിൽ സാധകന്ന് ആധ്യാത്മികമായ ഉയർച്ചയെ ഉണ്ടാക്കുന്നതാണ് ഭക്തിയോഗം. പരമമായ അവസ്ഥയിൽ, പരയായ ഭക്തിയും പരമായ ജ്ഞാനവും ഒന്നുതന്നെയാണ്. ഭക്തന്മാരിൽ വെച്ച ജ്ഞാനിയാണു ശ്രേഷ്ഠനെന്നും അനന്യമായ ഭക്തികൊണ്ടേ പൂർണ്ണമായ ആത്മജ്ഞാനമുണ്ടാവുകയുള്ളുവെന്നും ഭഗവാൻ പലവുരു പറഞ്ഞിട്ടുണ്ട്. സർവ്വധർമ്മപരിത്യാഗപൂർവ്വമായ ശരണാഗതി. അതാണല്ലോ ഭക്തിയുടെ പരമകാഷ്ഠ .പരിപൂർണ്ണമായ മനസ്സംയമവും പരിപൂർണ്ണമായ ആത്മജ്ഞാനവുമുള്ളവക്ക് സാധ്യമാവുകയുള്ളു. ചിത്തത്തെ വിഷയങ്ങളിൽനിന്നു വ്യാവർത്തിപ്പിക്കുന്നതിന്നു നാമജപം മുതലായവ സഹായിക്കുന്നു. "ഈശ്വരസ്സർവ്വഭൂതാനാം ഹൃദ്ദേശേർജ്ജുന തിഷ്ഠതി" എന്നും മററുമുള്ള വാക്യങ്ങൾ രാഗദ്വേഷരഹിതമായ കർമ്മാനുഷ്ഠാനത്തിന്നു ഭക്തനെ പ്രേരിപ്പിക്കുമല്ലോ. ഈശ്വരോ ജീവകലയാ പ്രവിഷ്ടോ ഭഗവാനിതി / പ്രണമേദ്ദണ്ഡവൽഭൂമൌ ആശ്വചണ്ഡാലഗോഖരം"— ഈശ്വരനാണ്, ഭഗവാനാണ്, ജീവനായി എല്ലാവസ്തുക്കളിലുമിരിക്കുന്നതു്. അതുകൊണ്ട് ഈശ്വരൻ, ഭഗവാൻ എന്നിങ്ങനെ കരുതി നായയായാലും ചണ്ഡാലനായാലും പശുവായാലും കഴുതയായാലും കണ്ടാൽ, നിലത്തു വീണു നമസ്കരിക്കണം. സർവ്വഭൂതാത്മഭൂതാത്മതത്വത്തിന്റെ, പ്രതീകത്തെ ഉപയോഗിച്ച് പ്രകാരാന്തരേണയുള്ള ഒരു വിവരണം മാത്രമാണല്ലോ ഇതു്. അങ്ങനെയുള്ള ഭക്തന്ന് രാഗദ്വേഷങ്ങളോ കാമക്രോധങ്ങളോ ഉണ്ടാവുകയില്ല നിശ്ചയം. ആ ഭക്തന്റെ നിത്യജീവിതം കർമ്മയോഗത്തിന്നു നിദർശനമായിരിക്കും.

അധ്യാത്മമാർഗ്ഗത്തിലെ ലക്ഷ്യപ്രാപ്തി, ഒരു ജന്മംകൊണ്ടോ മറേറാ സാധ്യമാവുന്നതല്ല. എന്നാൽ ജനനംകൊണ്ട് ആധ്യാത്മിക സൌകര്യങ്ങൾ വളരെ കുറവായ ചണ്ഡാളനായാലും, പരിതഃസ്ഥിതികൾകൊണ്ട് പാപികളിൽ വെച്ച പാപിയായിത്തീർന്നിട്ടുള്ള ദുരാചാരനായാലും, ധർമ്മബോധത്തോടുകൂടി ഉൽക്കർഷത്തിന്നു വേണ്ടിയുള്ള ഉദ്യമത്തിൽ അഭിനിവേശം ഉണ്ടായിത്തുടങ്ങിയാൽ വളരെ ജന്മങ്ങൾ കൊണ്ടുതന്നെയെങ്കിലും പടിപ്പടിയായി കയറി ആ പരമപദത്തിലെത്താതിരിക്കയില്ല. ജനനമരണങ്ങൾ കൊണ്ടു വേർതിരിക്കപ്പെടുന്ന ഓരോ ജിവിതവും, ആ ജീവിതത്തിൽത്തന്നെയുള്ള ബാല്യയൌവനാദികൾ പോലെ, ആധ്യാത്മികമായ പുരോഗതിയിൽ ഓരോ ഘട്ടത്തെ സൂചിപ്പിക്കുന്ന ദശകൾ മാത്രമാണ്. വാസനയും മററുമനുസരിച്ച് അതാതുകാലത്തു സ്വീകരിക്കപ്പെടുന്ന വസ്ത്രനിർവ്വിശേഷങ്ങളായ ഉപകരണങ്ങൾ മാത്രമാണ് ദേഹങ്ങൾ. വാസനയും സംസ്കാരവുമാകുന്ന സമ്പത്തിനെ പല രൂപങ്ങളിൽ ചിലവാക്കിയും ശേഖരിച്ചുംകൊണ്ടു നിർവ്വഹിക്കപ്പെടുന്ന ജിവിതത്തിലെ ഓരോ ഘട്ടത്തിന്റെയും ആദിയേയും അവസാനത്തെയും കുറിക്കുന്ന രേഖകൾ മാത്രമാണ് ജനനവും മരണവും.

അതുകൊണ്ട് മരണം എന്നതു് ഭയത്തിനോ സംശയത്തിനോ കാരണമാകേണ്ട ഒന്നല്ല. ഭീഷ്മാദികൾ അവരുടെ കർമ്മബന്ധമനുസരിച്ച് ശരീരത്തെ സ്വീകരിക്കുകയും വെടിയുകയും ചെയ്യുമെന്നതു സ്പഷ്ടമായിരിക്കു

താൻ അതു സംബന്ധിച്ച് എന്തെങ്കിലും വിധത്തിൽ ഹേതുവാകുന്നുവെങ്കിൽ അതു നൈമിത്തികം മാത്രമാകുന്നു എന്നതുകൊണ്ട്, അവരെ നിഗ്രഹിക്കേണ്ടിവരുമെന്നു വെച്ച് സ്വധമ്മമായ യുദ്ധത്തിൽനിന്നു പിന്തിരിയുന്നതിൽ അത്ഥമില്ലെന്ന് അജ്ജുനന്നു വ്യക്തമായി. യുദ്ധം ധർമ്മമാണെന്നു ബോധ്യമായിരിക്കേ രാജ്യലാഭമോ വൈരനിര്യാതനമോ ആകുന്ന സങ്കല്പം കൂടാതെ, സ്വധമ്മമാണെന്ന ബോധംകൊണ്ടുമാത്രം, അതിൽ ഏർപ്പെടുന്നതുകൊണ്ട് യാതൊരു മാലിന്യവും ഉണ്ടാവുകയില്ലെന്നും അദ്ദേഹത്തിന്നു ബോധ്യമായി ദോഷമില്ലാതെ ഒരു കർമ്മവുമില്ലെന്നും എന്നാൽ രാഗദ്വേഷാദിസങ്കല്പരാഹിത്യം മൂലം ആ ദോഷം നിമിത്തമിത്രമായ കത്താവിനെ ബാധിക്കയില്ലെന്നും അജ്ജുനൻ മനസ്സിലാക്കി. കേവലം സാധകന്റെ നിലയെ അതിക്രമിച്ചിട്ടില്ലാത്ത അജ്ജുനന്ന് കർമ്മത്തെ ത്യജിക്കുന്നതിനെക്കുറിച്ച് ആലോചിക്കുവാൻകൂടെ അർഹതയില്ലായിരുന്നു. ശ്രദ്ധയോടുകൂടി ഭഗവാന്റെ ഉപദേശത്തെ ശ്രവിച്ച അജ്ജുനന്റെ സംശയം തീർന്നു; അദ്ദേഹം സ്വധർമ്മനിർവ്വഹണത്തിൽ സമത്ഥനായിത്തീരുകയും ചെയ്തു. ഗീതോപദേശത്തെ ശ്രദ്ധിക്കുന്ന ആർക്കാണ് സംശയമോ കർമ്മവൈമുഖ്യമോ അവശേഷിക്കുക?

യുദ്ധോദ്യുക്തനായാണല്ലോ അജ്ജുനൻ രണാങ്കണത്തിൽ പ്രവേശിച്ചതു്. തല്ക്കാലമുണ്ടായ വൈക്ലബ്യം ഭഗവൽപ്രസാദംകൊണ്ട് നിമ്മൂലിതമായതിന്നു ശേഷം വീണ്ടും അദ്ദേഹം പൂർവ്വാധികം ഉത്സാഹത്തോടുകൂടി യുദ്ധത്തിന്നു പുറപ്പെട്ടു. എന്നാൽ അതു ഒരു വിധത്തിൽ അജ്ജുനന്റെ പുനർജ്ജന്മമായിരുന്നു. അജ്ജുനൻ ദ്വേഷ്യത്തോടും അഹങ്കാരത്തോടും കൂടിയാണ് ആദ്യം യുദ്ധത്തിനിറങ്ങിയതു്. പലപ്പോഴും മുമ്പും അജ്ജനൻ യുദ്ധം ചെയ്തിട്ടുണ്ട്. പക്ഷെ അതെല്ലാം ബന്ധുക്കളോട യിരുന്നില്ല ഇപ്പോഴത്തെ യുദ്ധത്തിൽ അണിനിരന്നു നിന്നിരുന്ന ബന്ധുക്കളെക്കണ്ടപ്പോൾ തന്റെ ആളുകൾ എന്ന വിചാരം നിമിത്തം മമതകൊണ്ട്, അദ്ദേഹത്തിന്റെ ദ്വേഷം രാഗമായി രൂപംമാറി. അപ്പോഴും തന്റെ ആളുകളല്ല യുദ്ധക്കളത്തിൽ എതിരെ നിന്നിരുന്നതെങ്കിൽ അജ്ജനൻ ഇങ്ങനെ സംശയഗ്രസ്തനേ വിഷാദകലനോ ആകുമോ എന്ന കാര്യവും സംശയമാണ് അതുകൊണ്ട് യുദ്ധം സ്വധമ്മമാണോ അല്ലയോ എന്ന വിചാരമല്ല, രാഗദ്വേഷങ്ങളാണ് അജ്ജുനനെ യുദ്ധത്തിനിറങ്ങുവാനും യുദ്ധത്തിൽനിന്നു പിന്തിരിയുവാനും ആദ്യം പ്രേരിപ്പിച്ചിരുന്നതു് എന്ന് വ്യക്തമാണല്ലോ. ഭഗവാന്റെ ഉപദേശം നിമിത്തം അജ്ഞാനം നശിച്ച്, തല്ക്കാലികമായെങ്കിലും രാഗദ്വേഷങ്ങളുടെ പിടിയിൽനിന്ന് വിമുക്തനായപ്പോൾ അജ്ജുനന്ന് സ്വധർമ്മമെന്ന ബോധമല്ലാതെ യുദ്ധത്തിന്ന് പ്രേരണ ഒന്നുമുണ്ടായിരുന്നില്ല. ഗീതയുടെ സാരവും ഇവിടെ സ്പഷ്ടമാകുന്നു ഏതു് സന്ദർഭത്തിലും, ഏതു് സംഗതിയിലും കർമ്മത്തിന്ന് പ്രേരണ രാഗദ്വേഷങ്ങളാവരുതു്. രാഗദ്വേഷരഹിതമായി നിയതമായ കർമ്മത്തെ അനുഷ്ഠിക്കുന്നതുതന്നെയാണ് ധർമ്മം, ധർമ്മം എന്നതു് ഏതെങ്കിലും രൂപത്തിലുള്ള സവിശേഷമായ ഏതെങ്കിലും കമ്മമല്ല. നിയതമായ കമ്മം രാഗദ്വേഷരഹിതമായാൽ ധമ്മമായി— ഇതാണ് ഭഗവാന്റെ ഉപദേശത്തിന്റെ സാരമെന്ന് എനിക്ക് തോന്നുന്നു.

— * —

# നാരായണീയം

എ. ആർ. മേനോൻ

## 71-ാം ദശകം

1 കംസന്നു തന്നെ പ്രിയബന്ധുവായി
യത്നങ്ങളിൽ തോൽമയെഴാത്ത കേശി
നീ സിന്ധുകന്യാവശനെന്നു കണ്ട
നൽസൈന്ധവാശ്വാകൃതിയായണഞ്ഞു.

2 ഗന്ധർവ്വനെന്നാലുമസഹ്യനാദാൽ
ലോകത്തിനുദ്വേഗമണച്ചപാപി
തവാവലോകംവരെ വാടി മർദ്ദി-
ച്ചതിന്നുശേഷം തവ മുന്നിലെത്തി

3 താർക്ഷ്യങ്കൽ കാൽ വെച്ച ഭവാന്റെ മാറിൽ
താർക്ഷ്യൻ ചവിട്ടീ ബലമോടു ദുഷ്ടൻ
മുന്നം ചവിട്ടേറ്റൊരു വാർത്ത കേട്ടു.
തന്റേയുമാകാമിനി മോഹമാന്നോ.

4 ഭവാൻ പുരാഘാത മൊഴിച്ചു മാറി-
യശ്വത്തെ ദൂരത്തിലെടുത്തെറിഞ്ഞു
മൂർച്ഛിച്ചുവെന്നാലുമവൻ കടിപ്പാൻ
മൂർച്ഛിച്ച കോപാലുടനോടിവന്നു

5 ഹയത്തെ ശിക്ഷിക്കുവതിന്നുറച്ചു
നീയശ്വ വക്ത്രത്തിൽകരം കടത്തീ
കൈ വീർത്തതിൽ ശ്വാസമടഞ്ഞ സപ്തി
മരിച്ചു നിന്നൈക്യമണഞ്ഞു ചിത്രം

6 ആലംഭനത്താൽ സുരർ തൃപ്തരാംപോൽ
നടത്തി നീ നൂതനമശ്വമേധം
സന്തോഷവൈവശ്യമണഞ്ഞ ദേവർ
സ്തുതിക്കയായ് കേശവനെന്നപേരിൽ

7 ശ്രീ നാരദാൽ സർവ്വമറിഞ്ഞ കംസൻ
നിൻതാതനെ കൊൽവതിനുദ്യമിക്കെ
തടഞ്ഞു ദേവർഷി, ഹയം നശിക്കെ
ത്തവാന്തികേ വന്നു പുകഴ്ത്തി നിന്നെ

8 ഒരിക്കൽ നീ കാട്ടിൽ സുഹൃജ്ജനത്തോ-
ടൊളിച്ചുകളിച്ചോരു വേള തന്നിൽ
മായാവി, ദേവാരി, മയാത്മജാതൻ
വ്യോമാഭിധൻ വന്നു സമീപമെത്തി

9 കള്ളൻ പിടിപ്പോനിതി കേളിതന്നിൽ
കള്ളന്റെ വേഷാൽ ശിശുവൃന്ദമെല്ലാം
ഗുഹക്കുചേർത്തിശ്ശില കൊണ്ടടച്ചാ-
നങ്ങന്നറിഞ്ഞിട്ടവനെച്ചതച്ചു.

10 അത്യത്ഭുത ക്രീഡകളേവമാടി
ഗോപക്കു നിസ്തുല്യസുഖാനുഭൂതി
അടിക്കടിക്കായ് പുതുതായ് കൊടുത്ത
പരാത്മരൂപിൻ പരമേശ! പാഹി

## 72-ാം ദശകം

1 വൃന്ദാവനേ പശുപ വാടിയിൽ നിന്റെ വാസം
ദേവർഷി ചൊല്ലിയതു കേട്ടഥ ഭോജരാജൻ
വിൽപൂജ കാണ്മതിനു നിങ്ങളെ യാനയിപ്പാ-
നക്രൂരനെ സ്വയമയച്ചു വിദീർണ്ണ ചിത്തൻ

2 കാണ്മാൻ കൊതിച്ചുരച ഭീതിയിൽ സാദ്ധ്യമാകാ-
തക്രൂരഭക്തനുഴറിട്ടിവസങ്ങൾ നീക്കി
അക്കംസനിപ്പൊഴുതങ്ങളെ കൊണ്ടുപോരാൻ
കല്പിച്ചതിൽ പരമമോദ മടഞ്ഞു നൂനം.

3 തേരിൽകരേറി പുര പുണ്യനഥോഗമിക്കെ
ചിത്തത്തിലങ്ങയെനിനച്ചു പലേതുമോർത്തും
ദോഷംവരാസ്സതിനു ദേവകളോടുഭക്ത്യാ
പ്രാർത്ഥിച്ചുമാവഴിയിലൊന്നുമറിഞ്ഞതില്ല

4 കാണാകുമോത്രയികളോതിയ ഭക്തിമാർഗ്ഗൻ
സ്പർശിച്ചിടാനഥ പുണർന്നിടുവാനുമാമോ
നോക്കീടുമോയിവനെ വല്ലതുമോതുമോ താ-
നേവം ഭവന്നിനവു കൊണ്ടു നയിച്ചുമാർഗ്ഗം

5 ഇത്ഥം ക്രമാൽ ദ്രുഹിണശങ്കരവന്ദ്യമായി
ത്വല്പാദപൂത പശുപാലകഗോഷ്ഠമെത്തി
ആനന്ദമഗ്നനഥ മോഹവിലീനനെപ്പോ-
ലേതേതവസ്ഥകളായവനേററതില്ല

6 ക്രീഡാസ്ഥലങ്ങളും തവ കണ്ടു നമസ്കരിച്ചു
പാദം പതിഞ്ഞ മണൽതന്നിലുരുണ്ടു ഭക്ത്യാ
അന്നും ജനിച്ചു ഭുവി മാനുഷരേറെയെന്നാ-
ലിത്രക്കു ഭക്തിവശരായവർ ദുർല്ലഭം താൻ

7 കർണ്ണത്തിനിമ്പമരുളും തവ ചിത്രലീലാ-
ഗാനാമൃതപ്രസരമുള്ളൊരു സന്ധ്യനേരം
ആനന്ദവാരിയിലൊലിച്ചുവിധം നടന്നു
ഗോപാലയംവഴി ഭവന്ഭവനത്തിലെത്തി

8 ഭക്തോത്തമന്റെ വരവഗ്രജനൊത്തു കാത്തു
നില്ക്കുംവിധത്തിൽ പശുദോഹനമീക്ഷ ചെയ്തു
ഉള്ളത്തിലോളമിടുമാത്മസുഖത്തെ ബാഹ്യ
കാണിച്ചിടുന്നവിധമങ്ങയെ കണ്ടു ധീമാൻ

9 സ്നാനം കഴിച്ചതിസുനിർമ്മല ഗാത്രശോഭർ
പീതാസിതാംബരമുടുത്ത മനോഹരന്മാർ
പാകത്തിലാഭരണജാലമണിഞ്ഞ ഏദ്യർ
സ്മേരാർദ്രർ നിങ്ങളെയവൻ കുളിരാണ്ടു കണ്ടു.

10 ദൂരത്തിറങ്ങിയവിടുന്നു നമസ്കരിക്കും
ഭക്താഗ്രഗണ്യനെയെടുത്തു ഭവാൻപുണർന്നു
തോഷാൽമിതാക്ഷരനഹോ കുശലങ്ങളോതി-
ക്കയ്യുംപിടിച്ചു സബലൻ ഭവനം നയിച്ചു

11 ഗോപേശനൊത്തു യദുവീരനെ പൂജ ചെയ്തു
പിന്നീടു സർവ്വവിധവാർത്തകളും ശ്രവിച്ചു
ഭോജേശരാജ്ഞ പശുപാലരോടോതി നിങ്ങ-
ളക്രൂരനോടു കഥ ചൊല്ലിക്കഴിച്ചു രാത്രി

12 ഇക്കള്ളനിന്നെവിടെ രാധസമീപമാമോ
ചന്ദ്രാഗൃഹത്തിലഥ മിത്രയുടേതിലോ താൻ
ഗോപാംഗനാമണികളന്തിയിലീവിധത്തിൽ
ശങ്കിച്ചുമാരുത പുരേശ്വര! പാഹി വിഷ്ണോ.

## 73-ാം ദശകം

1 തവയാത്രയറിഞ്ഞു നാരിവൃന്ദം
ഭൃശദുഃഖാബ്ധിയിലാണ്ടുപോയ് നിതാന്തം
കഥയെന്തിതിനെന്തു മൂലമെന്നാ-
യവരൊന്നിച്ചു വിലാപമായ് തദാനീം

2 ഗതിയറ്റൊരു നമ്മളെത്യജിച്ചീ
കരുണാവാരിധിയെങ്ങിനെഗ്ഗമിക്കും
വിധിയീവിധമോ വരച്ചനമ്മൾ-
ക്കിതിനിന്നിൽ കരാംവെച്ചഹോ കരഞ്ഞു

3 പിതൃമിത്രജനെസ്സമം ഭവാനും
പുലരുമ്പോൾ ഗമനത്തിനായൊരുങ്ങീ
ഒരുതോഴനെ ദൂതനായിവിട്ടു
വനിതാനാം പരിതാപമാറ്റുവാനായ്

4 അരികത്തുടനെത്തിടാം ഭവിക്കും
വഴിപോൽസംഗമസൌഖ്യവും മയൈവ
അമൃതാബ്ധിയിൽ മുങ്ങുമാറുമാക്കാം-
മിതിചൊല്ലി പ്രിയമാർക്കു ഖേദമാറ്റി

5 അഭിലാഷവിഷാദയുക്തമാരായ്
തലപൊക്കി ബഹൂത്തരം മീക്ഷചെയ്തു
പ്രമദാളിയെ നോക്കി രണ്ടുപേരും
ദ്രുതമക്രൂരരഥത്തിൽ യാത്രയായി.

6 പ്രിയമാർ കരളും തഥാ പ്രിയന്മാർ-
ശകടവ്രതവുമങ്ങു പിന്തുടർന്നു
ഖഗവും മൃഗവും കരഞ്ഞു വൃന്ദം
വനവും വിട്ടു ദസരിത്തിലെത്തി നിങ്ങൾ

7 സ്നപനത്തിനിറങ്ങി ഗാന്ദിനേയൻ
സലിലേ കണ്ടു രഥത്തിലും ഭവാനെ
എവിടേയുമഹോ ഭവാനെ ദർശി-
പ്പതു ചിത്രം വിവശത്വമാണ്ടു ഭക്തൻ

8 അഥ പിന്നെയുമൊന്നു മുങ്ങിയാറേ
രഥചക്രാദിധരിച്ച ഭോഗി ഭോഗേ
പരപൂരുഷനായ് സുരേസ്യനായി-
ട്ടമരും നിൻസ്ഥിതികണ്ടു പുണ്യശാലി

9 പരമാത്മസുഖാബ്ധി തന്നിൽ മുങ്ങി-
പ്പലമട്ടങ്ങളെ വാഴ്ത്തി ഗാന്ദിനേയൻ
അഥ കാഴ്ചമറഞ്ഞുപോകെ ഹർഷാൽ
പുളകം പൂണ്ടു ഭവത് സമീപമെത്തി.

10 "ജലമിത്രതണുത്തതോ ഭവാന്റെ
തനുരോമാഞ്ചിത"മെന്നു നീയുരക്കെ
മറുവാക്കവനോതിയില്ല ഹർഷാൽ
ഭഗവൻ! വായുപുരേശ! പാഹിരോഗാൽ.

— * —

# സനാതന ധർമ്മത്തിന്റെ ഉറവിടം

പി. ജി. എം.

വേദങ്ങളാണു് സനാതനധർമ്മത്തിന്റെ ഉറവിടം. ജിതേന്ദ്രിയന്മാരായ മഹർഷിവര്യന്മാർ അവരുടെ അനുഭവങ്ങളെ ക്രോഡീകരിച്ചതിൽ നിന്നുണ്ടായതാണു് വേദം—ആലിൻവിത്തിൽ ആവൽമരം അടങ്ങിയിരിക്കുന്നതുപോലെ, വേദങ്ങളിൽ ഉൾക്കൊണ്ടിരിക്കുന്നു തത്വശാസ്ത്രങ്ങളെല്ലാം. ആധുനിക ശാസ്ത്രത്തിന്റെ ഏററവും പുതിയ ചില കണ്ടുപിടുത്തങ്ങൾ വേദത്തിലുള്ള തത്വങ്ങളുടെ അശക്തങ്ങളായ പ്രതിധ്വനികളായിട്ടാണിരിക്കുന്നതു്.

ലോകത്തിന്റെ ആരംഭത്തേയും സൃഷ്ടിയേയും കുറിച്ചും, മനുഷ്യന്റെ പ്രകൃതിയേയും പ്രാപ്യസ്ഥാനത്തേയും കുറിച്ചും ഇഹപരങ്ങളിൽ മനുഷ്യന്നു് പൂർണ്ണസുഖം നേടാനുള്ള മാർഗ്ഗത്തെക്കുറിച്ചും ഉള്ള ചർച്ചകളാണല്ലോ തത്വശാസ്ത്രത്തിലുള്ളതു്. ഇവയെപ്പററിയെല്ലാമുള്ള ഉത്തരങ്ങൾ വേദങ്ങളിൽ കണ്ടുകിട്ടാവുന്നതാണു്.

ചരിത്രം എത്തിനോക്കുവാൻപോലും ശങ്കിക്കുന്ന ഒരു കാലഘട്ടത്തിലാണു് വേദങ്ങളുടെ ക്രോഡീകരണം നടന്നിട്ടുള്ളതു്. അതിനും എത്രയോ മുമ്പു് തുടങ്ങിക്കഴിഞ്ഞു ആ ജ്ഞാനാഗാരങ്ങളിൽ തത്വരത്നങ്ങളുടെ നിക്ഷേപം. മനനശീലന്മാരായ തപസ്വികൾ അപ്പപ്പോൾ അവരുടെ വിമലമനോദർപ്പണങ്ങളിൽ തെളിഞ്ഞുകണ്ട ജ്ഞാനശകലങ്ങളെ ശിഷ്യപരമ്പരദ്വാരാ ലോകത്തിന്നു് വെളിപ്പെടുത്തിക്കൊടുക്കുകയാണുണ്ടായതു്. അങ്ങനെ ഇന്നപ്പോൾ തുടങ്ങിയെന്നും, ഇന്നിന്നവരാൽ പോഷിക്കപ്പെട്ടുവെന്നും ആർക്കും പറയുവാൻ സാധിക്കാത്തവിധം പടന്നു പന്തലിച്ചു് വളർന്നുവന്ന സാഹിത്യവൃക്ഷമാണു് വേദങ്ങൾ. ഭഗവാൻ വ്യാസരാണു് വേദങ്ങളെ നാലുവിഭാഗമാക്കിയതെന്നു് പറയപ്പെടുന്നു. ഋക്‌യജുസ്സാമാഥർവ്വണ ശാഖകൾ എല്ലാം കൂടികലർന്നു് കിടന്നിരുന്ന ജ്ഞാനപ്പരപ്പിൽനിന്നു് വകതിരിച്ചെടുത്തു് തരംതിരിക്കപ്പെട്ടതാണു്. വേദശാഖിക്കൊമ്പത്തമ്പോടു പൂത്ത കുസുമതതിയിലെ പൂന്തേൻ കുഴമ്പാണു് ഉപനിഷത്തുക്കളിൽ എന്നും മാററമില്ലാത്ത തത്വങ്ങളാണു് അവയിൽ പ്രപഞ്ചനം ചെയ്യപ്പെട്ടിട്ടുള്ളതു്. കാലദേശാവസ്ഥകളനുസരിച്ചു് അവയെ വ്യാഖ്യാനിച്ചു് വെളിപ്പെടുത്തുക മാത്രമാണു് മററുള്ള മഹത്തുക്കൾ ചെയ്തിട്ടുള്ളതു് അത്തരം കൃത്യത്തിൽ വ്യാപൃതരായ വിമലാശയന്മാരുടെ വിശിഷ്ട സേവനത്തിന്നു് ഭാഗ്യം സിദ്ധിച്ച നാടാണു് ഭാരതമെന്നതു് വിസ്മരിച്ചുകൂടാത്ത ഒരു പ്രത്യേകതയാകുന്നു.

സൃഷ്ടിക്കു് മുമ്പേ, ഇന്നതെന്നു് വർണ്ണിപ്പാനാവാത്ത ഒരു സദ്‌വസ്തുവാണു് അവശേഷിച്ചിരുന്നതു്. തേജസ്സെന്നോ തമസ്സെന്നോ വ്യാഖ്യാനിക്കു

വാൻ സാധിക്കാത്ത, നിശ്ചലവും ഗംഭീരവുമായ ഒന്നാണതെന്നേ മൊത്തത്തിൽ പറഞ്ഞുകൂടൂ. ജ്ഞാനാനന്ദപ്രകാശസ്വരൂപനായ ഭഗവാൻ ഏകൻ മാത്രമേ സൃഷ്ടിക്ക് മുമ്പുണ്ടായിരുന്നുള്ളൂ. ഈ ഭാവം യോഗിയുടെ നിർവ്വികല്പസമാധിയിൽ അനുഭവപ്പെടുന്നതാണ്. വാക്കിന് വിഷയമല്ലാത്തതിനാൽ അവ്യക്തമായ വിവരണം സാദ്ധ്യമല്ല.

ഏകനായ താൻ അനേകമായി ഭവിക്കണമെന്നു ഇച്ഛിച്ചതനുസരിച്ചാണ് സൃഷ്ടിയുടെ ആരംഭം. ഈശ്വരനിൽ ലയിച്ചിരുന്ന ശക്തിവിശേഷം വികസിച്ചതിന്റെ ഫലമായ് പ്രപഞ്ചം ഉത്ഭവിച്ചു. ഈശ്വരവീര്യത്തെ ധരിച്ചിരിക്കുന്ന ശക്തി അവ്യക്തം എന്നു പറയപ്പെടുന്നു. അതിൽനിന്നാണ് മഹത്തത്ത്വം സംജാതമായതു്. അനന്തങ്ങളായ അനന്തരവികാരങ്ങൾക്കു ആസ്പദം ഈ തത്ത്വമാണ്. ലോകസൃഷ്ടിക്കു നിമിത്തകാരണമായ ജ്ഞാനരൂപവും, ഉപാദാനകിർണ്ണമായ സത്വരജസ്തമോ ഗുണങ്ങളും ഈ മഹത്തത്ത്വത്തിലുണ്ട്. ഗുണങ്ങളുടെ സാമ്യാവസ്ഥയെ ഭേദിക്കാനുതകുന്ന കാലശക്തിയും ഇതിൽ ചേർന്നിരിക്കുന്നു. ചിദാത്മവും സത്വാദി ഗുണങ്ങളും കാലവും യോജിച്ചുകൊണ്ടാണ്, ഈശ്വരസങ്കല്പപ്രഭാവം നിമിത്തം, വികാരത്തെ പ്രാപിച്ച് അഹം തത്ത്വമായിത്തീരുന്നതു്. ഈ അഹം തത്ത്വം മൂന്നു വിധമായി പരിണമിക്കുന്നു—സാത്വികം, രാജസം, താമസം. സാത്വികാഹങ്കാരത്തിൽനിന്നു ദേവന്മാരും, രാജസാഹങ്കാരത്തിൽനിന്നു ഇന്ദ്രിയങ്ങളും, താമസാഹങ്കാരത്തിൽനിന്നു ഭൂതങ്ങളും ഉണ്ടായി. ആകാശം, വായു, അഗ്നി, ജലം, ഭൂമി എന്നിങ്ങനെ ക്രമപ്രകാരം ഉത്ഭവിച്ചു. ആകാശത്തിനു ശബ്ദം മാത്രം ഗുണവും വായുവിനു ശബ്ദസ്പർശങ്ങളും, അഗ്നിക്കു ശബ്ദസ്പർശരൂപങ്ങളും, ജലത്തിനു ശബ്ദസ്പർശരൂപരസങ്ങളും, ഭൂമിക്കു ശബ്ദസ്പർശരൂപരസഗന്ധങ്ങളും ഉണ്ട്. സർവ്വത്ര വ്യാപിച്ചിരിക്കുന്ന അത്ഭുതദിവ്യചൈതന്യത്തിന്റെ ഏകാംശംകൊണ്ടു വ്യാപ്തമായതാണ് സചേതനാചേതനമീപ്രപഞ്ചമെല്ലാം.

സ്വരൂപാനന്ദത്തെ അനുഭവപ്പെടുത്തുവാൻ മനുഷ്യജന്മത്തോളം പററിയ ഒരു നിലയില്ല. അധ്യാത്മികാദിതാപത്രയങ്ങൾ മനുഷ്യനെ ചുററുപാടിൽനിന്നും ആക്രമിക്കുന്നു. ഇവയ്ക്കൊരറുതി വേണമെങ്കിൽ ഈശ്വരനെത്തന്നെ ആശ്രയിക്കണം. ഈശ്വരതത്ത്വത്തെ അറിയണം. അത്തരം അറിവുകൾ നല്കുന്നവയാണ് വേദങ്ങൾ. അവ ഭഗവന്മുഖത്തിൽ നിശ്വാസരൂപേണ വർത്തിക്കുന്നു. ഒടുവിൽ അതിൽതന്നെ ലയിക്കയും ചെയ്യുന്നു. വേദവാക്കുകളുടെ അർത്ഥചിന്ത ഭഗവൽലാഭത്തിന്നിടവരുത്തും. കർമ്മം, ഭക്തി, ജ്ഞാനം എന്നീമാർഗ്ഗങ്ങൾ അവയിൽ പ്രതിപാദിതങ്ങളായിട്ടുണ്ട്. അവയെപ്പററിയറിഞ്ഞു അഭ്യസിക്കുമ്പോൾ മനസ്സിലെ കാമാദിദോഷങ്ങൾ നീങ്ങി, ഇച്ഛവിഷയസുഖങ്ങളിലുള്ള ഭ്രമം അകന്ന് പരമജ്ഞാനസിദ്ധിയാൽ സ്വരൂപാനന്ദത്തിലമരുവാനിടവരും.

വേദങ്ങളെ കർമ്മകാണ്ഡം, ജ്ഞാനകാണ്ഡം എന്നിങ്ങനെ രണ്ടായ് പിരിക്കാവുന്നതാണ്. സ്വർഗ്ഗാദിഫലസിദ്ധികൾക്കായുള്ള യാഗാദികർമ്മങ്ങളെ

# നാട്ടെഴുത്തച്ഛൻ

വിദ്വാൻ വി കുഞ്ഞികൃഷ്ണൻ ബി. എ.

I

രൂപവും ഭാവവും മാറി പരിഷ്കൃത
വേഷമണിയുമീ ഗ്രാമീണലക്ഷ്മിയെ
ആദ്യം നിലത്തെഴുത്തഭ്യസിപ്പിച്ചോരാ-
നാട്ടെഴുത്തച്ഛൻെറ ജീവിതമോർപ്പൂ ഞാൻ

അജ്ഞാതമാണ ചരിത്രമിന്നാടിൻെറ
അധ്യായമായി കഴിഞ്ഞോരജ്ജീവിതം.

മുട്ടുമറയുന്നമുണ്ടും, ചുമലിങ്ക-
ലിട്ടോരുതോർത്തും, തനിത്തങ്കമേനിയിൽ
മൂവിരൽ ഭസ്മക്കുറിയുമഗ്രം കെട്ടി
വാമഭാഗത്തിട്ട വട്ടക്കുടുമയും,
ഇവിടം കയ്യിലോരോലക്കുടയുമായ്
എന്നു മുദയത്തിനൊപ്പമെത്തും "മണി"
യെന്യേയെഴുത്തച്ഛനപ്പാഠശാലയിൽ.

---

കർമ്മകാണ്ഡത്തിലും, ജ്ഞാനപ്രാപ്തിസാധനങ്ങളായ ഉപാസനവിധികളെ ജ്ഞാനകാണ്ഡത്തിലും ഉൾപ്പെടുത്താം. കാലദേശാവസ്ഥകളനുസരിച്ച് കർമ്മകാണ്ഡവിധികളിൽ മാററങ്ങളുണ്ടാവാം. എന്നാൽ ശാശ്വത തത്വങ്ങളാണ് ജ്ഞാനകാണ്ഡത്തിൽ. വിഷയങ്ങളിൽ തീവ്രമായ ആഗ്രഹമുള്ളവരെ, ഭോഗത്തിലൂടെ, ത്യാഗത്തിലെത്തിക്കുവാനാണ് കർമ്മകാണ്ഡവിധികളുടെ യത്നം. ത്രിഗുണകാര്യങ്ങളെയാണ് അവ പ്രതിപാദിക്കുന്നതു എങ്കിലും നിസ്ത്രൈഗുണ്യഭാവത്തിലെത്തുകയെന്നതാണ് ലക്ഷ്യം. വേദത്തിലെ പുഷ്പിതവചനങ്ങൾ താണപടിയിലുള്ളവരെ ഉയർത്തുന്നതിലേക്കാണ്. വേദശാഖിയുടെ പൂന്തൻകനി ജ്ഞാനഭാവം തന്നെയാകുന്നു. അനേക വിധാനഭാവങ്ങളിലൂടെ മുക്തിദ്വാരത്തിലേക്കു മനുഷ്യരെ എത്തിക്കുന്നതാണ് സൃഷ്ടിയാൽ സാധിതമാകുന്നതു്. സൃഷ്ടിചേഷ്ട ദുർഗ്രഹമെങ്കിലും, പരമരസസുഖാനന്ദപൂരത്തിൽ രമിക്കുവാൻ അതു ഇടവരുത്തുന്നുണ്ടെന്നതു ശ്രദ്ധിക്കത്തക്കതാണ്. അപൗരുഷേയപ്രഭാവത്തോടു കൂടിയ വേദങ്ങളാണ് ഹൈന്ദവതത്വശാസ്ത്രത്തിൻെറ ഉറവിടമെന്നതു് ആർക്കും ആശയും ആശ്വാസവും നൽകുവാൻ പര്യാപ്തമായതുതന്നെ. ഇത്രയും ലോകോത്തരമഹത്വമേറിയ തത്വഖനി നമുക്കുണ്ടെന്നറിഞ്ഞാദരിക്കുവാനുള്ള വകതിരിവാണ് നമുക്കു വേണ്ടതു്.

കൈകൂപ്പിനില്ക്കുന്ന ശിഷ്യരെപ്പുഞ്ചിരി-
പ്പൈമ്പാലൂട്ടുകിയനുഗ്രഹി—ച്ചിന്നലെ
ചൊല്ലിക്കൊടുത്തോരു പാഠങ്ങളോരോന്നു
ചൊല്ലിയുറപ്പിച്ചു, തൃപ്തനായ് പിന്നേയും
ഹൃദ്യമാം വിജ്ഞാന പീയൂഷമൂട്ടിയാ-
ഹൃത്തുകൾക്കാനന്ദ മേററമിയററിയും
നാട്ടിൻകിടാവിളക്കെന്നപോൽ ശോഭിച്ചു
"നാണുവെഴുത്തച്ഛ" നൊട്ടാണ്ടു മുമ്പിഹ.

ജാതിമതങ്ങളില്ലഗ്ഗുരു തന്നുടെ
യോലയെഴുത്താണിനൽകിയെല്ലാംക്ഷമായ്
നാടാമനുഷ്യനായ് മാറി, യദ്ദേഹമോ
നാടായ് വളൎന്നു—വികാസമേ ജീവിതം
ശിഷ്യധനം കൊണ്ടു സമ്പന്നനദ്ദേഹ-
മൈത്ര്യും ശാന്തനായ് ജീവിച്ചു നിസ്പൃഹം.

II

വർഷങ്ങൾ—വിജ്ഞാനപാനപരിതൃപ്ത-
വർഷങ്ങൾ നീങ്ങി വയസ്സനായഗ്ഗുരു
എങ്കിലും കൃത്യമായെത്തിടുമദ്ദേഹ-
മെന്നും തനതായൊരപ്പാഠശാലയിൽ

വിശ്രമിച്ചീടും ഗുരുവിനെക്കാണുവാൻ
വിദ്യാലത്തിങ്കലെത്തിയന്നാളൊരാൾ
ശിഷ്യസന്ദർശന സന്തോഷ വായ്പിനാ-
ലുൽഫുല്ലമായി ഗുരുവിൻ മുഖാംബുജം
കൃത്യാദരത്തോടു കൈകൂപ്പിനില്ക്കുമാ-
ശിഷ്യനരുളീ മധുരമായിങ്ങനെ.

"വന്ദ്യനാമെൻഗുരുപാദരേ! വന്ദനം
മന്ദനാമെന്നെയനുഗ്രഹിച്ചീടണം
ഇങ്ങുനിന്നാർജ്ജിച്ച വിദ്യയാണെന്നുടെ
പൊങ്ങുമൈശ്വര്യത്തിനാകെയേകാസ്പദം
ഒന്നുകൊണ്ടും കടം വീടാത്തൊരിദ്ദിവ്യ-
സമ്പത്തെനിക്കായരുളിയ സൽഗുരോ!
സ്വീകരിക്കേണ മെളിയൊരിദ്ദക്ഷിണ
ആശിസ്സരുളേണ മിക്കൊച്ചു ശിഷ്യനിൽ"

നൂറുപൊൻനാണ്യവുമായിരം പാട്ടമു-
ള്ളോരു കൃഷിയുടെ ഭൂദാന പത്രവും
വന്ദ്യഗുരുവിൻ പദങ്ങളിൽ വെച്ചയാദം
നിന്നു, ചിരിതൂകിയദ്ദേഹമോതിനാൻ

“മംഗളമേകട്ടെയീശൻ, ഭവാന്റെ യീ
സംഭാവനയ്ക്കു ഞാനർഹനല്ലെപ്പോഴും
ശിഷ്യരാണെൻ ധനം, നശ്വരസമ്പത്തു
വിശ്വസിപ്പീലഞാ,നാശിപ്പതില്ല ഞാൻ
കയ്യിലുള്ളോലയുമീയെഴുത്താണിയും,
മയ്യേററിടാത്ത കുരുന്നു ചിത്തങ്ങളും
പോരുമേ ജീവിതം ധന്യമായ്ത്തീരുവാൻ
പാരിലെന്തുള്ളമററാനന്ദഹേതുവായ്
നിങ്ങളിലൂടെ വളർന്നു വികസിപ്പ
നന്മയുമുണ്മയും ഞാനുമെല്ലാമെപ്പോഴും.

നാടിന്റെ നാളത്തെ യാശാമണിദീപ
ജാലം തെളിഞ്ഞു പ്രകാശം പരത്തുവാൻ
വേണമൊരുത്തമവിദ്യാലയം, ജല-
ക്ഷാമമില്ലാത്തൊരു കൂപവും, പോരുമേ!
ഇല്ലിതിനെക്കാളമൂല്യമാം ദക്ഷിണ-
ഇല്ലിതിനെക്കാളം മികച്ചുള്ളൊരാശയും”

സാമൂതിരിയുടെ കാര്യസ്ഥനാകുമാ-
ക്കേമൻ നമിച്ചിതാ പാദത്തിലഞ്ജസാ

നാട്ടിന്നു വിജ്ഞാന പീയൂഷമൂട്ടിയ-
നാട്ടെഴുത്തച്ഛന്നു വന്ദനം, വന്ദനം

— * —

## രസിക രസായനം

ഡാക്ടർ:— സ്വാമി ഇവിടെ വരുമെന്നു എനിക്കു നേരത്തെ അറിയാമായിരുന്നു.

സ്വാമി:— ഓഹോ! അതെങ്ങനെ?

ഡാക്ടർ:— ഇന്നലെ നമ്മുടെ കുട്ടൻപിള്ളയുടെ കല്യാണത്തിനു സ്വാമി ഉണ്ണുന്നതു ഞാൻ കണ്ടതല്ലേ.

# ശ്രീ കാശ്യപക്ഷേത്രം

വെങ്ങുനാട്ട് (കൊല്ലങ്കോട്ട്) സ്വരൂപം വലിയരാജാവവർകളുടെ ഭരണാധികാരത്തിൻ കീഴിലുള്ള ഒരു വൈഷ്ണവ മഹാലയമാണ് ശ്രീ കാശ്യപക്ഷേത്രം./ വംശാഭിവൃദ്ധിക്കായി പ്രാചീനകാലത്ത് പല കേരളരാജാക്കന്മാരും പരദേശത്തുള്ള ചില മഹാക്ഷേത്രങ്ങളിൽ ചെന്നിരുന്ന് ഭജിച്ച അഭീഷ്ടം നേടീട്ടുണ്ടെന്നുള്ളത് നിഷേധിക്കാനാവാത്തതാണ്. കൊച്ചി മഹാരാജാവും കോലത്തിരിരാജാവും "തിരുവാവിനൻകുടി"യിൽ ചെന്ന് ഭജിച്ച കാരണം അവരുടെ കുലദൈവം അന്നപൂർണ്ണേശ്വരിയായി. (കൊച്ചിരാജാവിന്റെ കുലദൈവം പഴയന്നൂർ ഭഗവതി അന്നപൂർണ്ണേശ്വരിയാണ്; കോലത്തിരിയുടെ കുലദൈവമാണ് ചെറുകുന്ന് അന്നപൂർണ്ണേശ്വരി). തരുവസ്വരൂപ (പാലക്കാട്ട്)വും, നെടിയിരുപ്പ് (സാമൂതിരി) സ്വരൂപവും കാഞ്ചീപുരത്ത് ശ്രീ കാമാക്ഷീദേവിയെയായിരുന്നു ഭജിച്ചത്. തന്മൂലം ആ ഭഗവതി അവരുടെ കുലദൈവവുമായി. (സാമൂതിരിയുടെ "തിരുവളയാട്ട്" ഭഗവതിയും, പാലക്കാട്ട് രാജാവിന്റെ "ഹേമാംബിക"യും ശ്രീ കാമാക്ഷീദേവിയാണ്). ഇതുപോലെ വെങ്ങുനാട്ട് വലിയരാജാവ് വംശാഭിവൃദ്ധിക്കായി ഭജിച്ചത് തിരുപ്പതി ശ്രീ വെങ്കിടേശപ്പെരുമാളെയാണ്. അഗസ്ത്യമഹർഷിയാണ് വെങ്കിടേശപ്പെരുമാളായ ശ്രീ കാശ്യപമൂർത്തിയെ (മഹാവിഷ്ണുവിനെ) ഇവിടെ പ്രതിഷ്ഠിച്ചത് എന്നാണ് പല ലക്ഷ്യങ്ങൾകൊണ്ടും അനുമാനിക്കേണ്ടത്.

സഹ്യാദ്രിയുടെ ഒരു ശാഖയായ തെന്മലയുടെ സാനുപ്രദേശത്താണ് ഈ മഹാക്ഷേത്രം സ്ഥിതിചെയ്യുന്നത്. ഈ മലയിൽ ദിവ്യങ്ങളായ പല ഔഷധങ്ങളുമുണ്ടെന്ന് മനസ്സിലാക്കി അഗസ്ത്യരും ശിഷ്യന്മാരും രാജാവോടൊരുമിച്ച് ഇങ്ങോട്ട് വന്നതായും രാജാവിന്റെ പ്രാർത്ഥനയനുസരിച്ച് അദ്ദേഹത്തിന്റെ ഉപാസനാമൂർത്തിയായ ശ്രീ കാശ്യപനെ പ്രതിഷ്ഠിച്ചതായും ആണ് ചില ലക്ഷ്യങ്ങൾകൊണ്ട് അനുമാനിക്കേണ്ടത്. ചില പ്രാചീന സ്തോത്രങ്ങളും പല നാടോടിപ്പാട്ടുകളും ഇതിന്നുപോൽബലകമായിരിക്കുന്നതുമുണ്ട്. അഗസ്ത്യരും ശിഷ്യന്മാരും ഭിഷക്വര്യന്മാരാണല്ലോ (ചിന്താമണി വൈദ്യം അഗസ്ത്യരുടേതാണെന്നാണ് പയുറന്നത്. അതിൽ അഗസ്ത്യപടലം എന്ന ഭാഗത്ത് മഹർഷിയും ശിഷ്യന്മാരും ഈ മലയിൽ ചില ദിവ്യൗഷധങ്ങൾ കണ്ടിട്ടുള്ളതായി പ്രസ്താവിച്ചിട്ടുണ്ട്.) അതിനാൽ ആ വൈദ്യരത്നങ്ങൾ ഈ ഔഷധഗിരിയിൽ വന്നിരിക്കുമെന്ന് വിശ്വസിക്കുന്നതിൽ തെററില്ല.

കാശ്യപമൂർത്തിയായ ശ്രീ വെങ്കിടേശനെ പ്രതിഷ്ഠിച്ച മുതല്ക്കാണ് സഹ്യപർവ്വതത്തിന്റെ ഈ സ്ഥാനത്തിന്ന് "വെങ്കിടഗിരി" എന്ന പേരുണ്ടാ

യതു്. ഇതിനെ തമിഴിൽ "വെങ്കുന്നാട്", "പെൺകുൻറുനാട്" എന്നും സംസ്കൃതത്തിൽ "വെങ്കിടഗിരി, സിതശൈലം" എന്നിങ്ങനേയും പറയും.

വെങ്കിടഗിരി ശിഖരത്തിൽ അമൂല്യങ്ങളായ അനവധി ഔഷധങ്ങൾ ഇന്നും കാണാം. കേരളത്തിൽ വേറെ എങ്ങും ഇല്ലാത്തതും ഭാരതത്തിൽ സുദുർല്ലഭവും ആയ "സോമലത" ഈ പർവ്വതപ്രാന്തത്തിൽ സുലഭമാണ്. സോമലത യാഗാദികൾക്ക അവശ്യം വേണ്ടതായ ഒരു ദിവ്യവസ്തുവാണല്ലൊ. ഇതെല്ലാംകൊണ്ട ഈ പ്രദേശം അത്യന്തം പരിപാവനമായിട്ടുള്ളതാണെന്ന അഗസ്ത്യർക്കും ശിഷ്യന്മാർക്കും ബോദ്ധ്യപ്പെട്ടതുകൊണ്ടായിരിക്കണം അവർ വളരെകാലം ഇവിടെ അധിവസിച്ച് അനേകം യാഗങ്ങൾ ഇവിടെയിരുന്ന നടത്തീട്ടുള്ളതു്. ആ യാഗകുണ്ഡങ്ങൾ ഇന്നും നമുക്ക കാണാം.

പണ്ട ഈ പ്രദേശത്തു "കാശാവു" എന്ന ഔഷധച്ചെടി നിബിഡമായി വളർന്നിരുന്നു. ഇന്നും ഇവിടങ്ങളിൽ ഈ ചെടി അപൂർവ്വമല്ല. കാശാവു എന്ന പദത്തിൽ നിന്നായിരിക്കണം കാശ്യപശബ്ദമുണ്ടായതു എന്നു ചിലർ ഊഹിക്കുന്നുണ്ട്. കാശ്യപക്ഷേത്രം എന്ന പേരുകേട്ട പല വിദ്വാന്മാരും ഈ പ്രതിഷ്ഠയെ യുഗാന്തരങ്ങൾക്ക മുമ്പു സാക്ഷാൽ ശ്രീ കാശ്യപപ്രജാപതി പ്രതിഷ്ഠിച്ചതാണെന്നു പറഞ്ഞുവരുന്നതു കേവലം തെററിദ്ധാരണ മാത്രമാണ്. വിഷ്ണുവിനു കാശ്യപൻ എന്ന പേരുണ്ട്. ഇവിടത്തെ മൂർത്തി വിഷ്ണുവുമാണ്. കാശാവിനെ ഈ നാട്ടുകാർ സാധാരണമായി "കാച്ചാഞ്ചെടി" എന്നാണ് പറയുന്നതു്. അതുകൊണ്ട നാട്ടുകാർ സ്ഥലത്തെ കാച്ചാംകുറിച്ചിയെന്നും ദേവനെ കാച്ചാംകുറിച്ചിയപ്പൻ എന്നും പറയുന്നു.

കാശ്യപമൂർത്തിയെ അഗസ്ത്യൻ പ്രതിഷ്ഠിച്ചതു "വെങ്കിടം സുപ്രധാനം" എന്ന കലിദിനത്തിലാണെന്നു ബ്രഹ്മശ്രീ പുന്നശ്ശേരി നീലകണ്ഠശർമ്മാ ഗുരുനാഥൻ എഴുതിവെച്ചിട്ടുള്ള "കലിവാക്യകോശം" എന്ന പുസ്തകത്തിൽ പറഞ്ഞുകാണുന്നു. ആ പുസ്തകത്തിൽത്തന്നെ കാശ്യപനാഥൻെറ രണ്ടു പുനഃപ്രതിഷ്ഠകളുടെ കലിവാക്യവും കാണുന്നുണ്ട്. ഒന്നു് "രവിനാഥ ദേവോയം", മറേറതു് "രവിരാജനാഥോയം" എന്നാണ്. ശ്രീ ഗുരുനാഥനു പല പ്രകാരത്തിലും ഈ മഹാക്ഷേത്രത്തോട അടുത്തു ബന്ധപ്പെടുവാൻ പല കാരണങ്ങളുമുണ്ടായിട്ടുണ്ട്. അതിനാൽ ഈ കലിവാക്യങ്ങളെപ്പററി അദ്ദേഹം ഗാഢമായി ചിന്തിച്ച ശേഷമായിരിക്കണം റിക്കാട്ടാക്കീട്ടുള്ളതു്.

"വെങ്കിടം സുപ്രധാനം" എന്ന കലിവാക്യം ഏകദേശം ബി. സി. 825-ാമാണ്ടോടടുത്തതാണ്. ഇത്രയും പഴക്കം ഈ ക്ഷേത്രത്തിനനുവദിക്കാമോ എന്നു ചിലർ സംശയിക്കുന്നുണ്ട്. ശ്രീ ബുദ്ധനു മുമ്പു കേരളത്തിൽ (ഇന്ത്യയിൽതന്നെ) ക്ഷേത്രങ്ങളോ വിഗ്രഹാരാധനയോ ഉണ്ടായിരുന്നില്ലെന്നു ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നതിനെ മററു ചില ചരിത്രകാ

രന്മാർ ഖണ്ഡിക്കുന്നതുമുണ്ട്. "തിരുവില്വാമല മഹാക്ഷേത്രം", കൊടുങ്ങല്ലൂർ "തൃക്കുലശേഖരപുരം ക്ഷേത്രം" ശ്രീ ഗുരുവായൂർ മഹാക്ഷേത്രം, തിരുവങ്ങാട്ട് ശ്രീരാമസ്വാമി ക്ഷേത്രം മുതലായ കേരളക്ഷേത്രങ്ങളും കാശി, രാമേശ്വരം, ചിദംബരം, ശ്രീരംഗം, മധുര, കാളഹസ്തി, തിരുപ്പതി മുതലായ ഇതര മഹാക്ഷേത്രങ്ങളും ബുദ്ധനുശേഷം ഉണ്ടായിട്ടുള്ളതാണെന്നു പറയുന്നതു സമ്മതിച്ചുകൊടുക്കുവാൻ പ്രയാസമാണ്.

പെരുമാൾ ഭരണം കേരളത്തിലാരംഭിച്ചതു "ഭൂഭൂശധരാം" എന്ന കലിവർഷത്തിലാണെന്നാണ് കേരളീയലക്ഷ്യങ്ങൾകൊണ്ട് അനുമാനിക്കേണ്ടതു് ഇതു ബി. സി. 113 ആണ്. ഇതിനും അനേകം നൂററാണ്ടുകൾക്കുമുമ്പു വെങ്ങുനാട്ടു നൃപൻ കാശ്യപാലയത്തിലെ "നമ്പിടി" ആയിട്ടുള്ളതിനു ലക്ഷ്യങ്ങളുണ്ട്. വിഗ്രഹാരാധന സ്വീകാര്യമല്ലാത്ത ബുദ്ധമതാനുയായികളാണ് ബുദ്ധദേവൻെറ നാനാരൂപത്തിൽ കാശ്യപപെരുമാൾ, ശ്രീപൂർണ്ണത്രയീശൻ, ശബരിശാസ്താവു മുതലായ പ്രതിഷ്ഠകൾ നടത്തീട്ടുള്ളതു എന്നു പറയുന്നതു ബുദ്ധമതത്തോടുള്ള ഒരവഹേളനം മാത്രമാണെന്നു പറയേണ്ടതില്ലല്ലോ.

കൊല്ലങ്കോടുനിന്ന് സുമാറ് രണ്ടുനാഴിക ദൂരം മാത്രമേയുള്ളു കാശ്യപക്ഷേത്രം നില്ക്കുന്ന സഹ്യാദ്രി സാനുപ്രദേശത്തേക്ക്. ക്ഷേത്രമുററംവരെ കാറുകൾക്കും മററും ഗതാഗതത്തിന്ന് പററിയ നല്ല റോഡുണ്ട്. പ്രകൃതിരമണീയവും പ്രശാന്തസുന്ദരവുമായ ഈ പ്രദേശം പ്രഥമദൃഷ്ടത്തിൽതന്നെ ആരേയും അത്യാനന്ദഭരിതരാക്കാതിരിക്കയില്ല. ഏററവും ശുചിയായും നിതാന്തശാന്തമായുമിരിക്കുന്ന ക്ഷേത്രാന്തരീക്ഷം തപസ്സിനുപററിയ പരിപാവന സ്ഥാനമായിട്ട് പരിഗണിക്കുവാൻ പര്യാപ്തമാണ്. ക്ഷേത്രത്തിന്ന് തൊട്ടു തെക്ക്ഭാഗത്ത് ആകാശചുംബികളായ ശിഖരങ്ങളോടുകൂടിയ സഹ്യപർവ്വതം നീണ്ടുകിടക്കുന്നു. അതിൽനിന്നുള്ള ജലപ്രവാഹങ്ങൾ ആരേയും അത്ഭുതസ്തിമിതരാക്കാതിരിക്കയില്ല. ഈ വെങ്കിടാദ്രിയിൽ തന്നെയുള്ള "സിത്താർകുണ്ഡു" വെള്ളച്ചാട്ടം, ക്ഷേത്രത്തിൻെറ തൊട്ട് തെക്കുഭാഗം ഗോവിന്ദമല (അഗസ്ത്യർ പൂജിച്ചിരുന്ന സ്ഥലം) യിൽ നിന്ന് ഊറി സദാസമയത്തും ഇററിററുകൊണ്ടിരിക്കുന്ന അത്യത്ഭുതമായ ഗോവിന്ദതീർത്ഥം അഥവാ അഗസ്ത്യതീർത്ഥം— ഈ രണ്ട് കാഴ്ചകളും മനോഹരമെന്നേ പറയേണ്ടു.

ദൂരത്തുനിന്ന് നോക്കുമ്പോൾ അനവധി ശൃംഖങ്ങളോടുകൂടി അത്യന്തം ഗംഭീരമായി തോന്നുന്ന വെങ്കിടാദ്രി അടുക്കുംതോറും അത്യന്തം ഹൃദയാവർജ്ജകമായി അനുഭവപ്പെടുന്നതു് ഇവിടുത്തെ ഒരു പ്രത്യേകതയാണ്. ക്ഷേത്രം മതില്ക്കകത്തുള്ള "കുഷ്ഠഘ്നതീർത്ഥം" അത്യന്തം ദിവ്യമായിട്ടുള്ള ഒന്നാണെന്നുള്ള തെളിവിലേക്ക് അനേകം അനുഭവസ്ഥന്മാർ ഇന്നും ജീവിച്ചിരിപ്പുണ്ട്.

ഭക്തിവിശ്വാസത്തോടുകൂടി അടുത്തുള്ള യജ്ഞതീർത്ഥത്തിൽ കുളിച്ച് കുഷ്ഠഘ്നതീർത്ഥം സേവിച്ച് അതുതന്നെ ശരീരത്തിൽ ധാരചെയ്തു കാശ്യപദേവനെ ഭജിച്ച് രോഗശാന്തി വന്നിട്ടുള്ളവർ അനേകം പേരുണ്ട്. ഈ തീർത്ഥ

ത്തിന്നടിയിൽ അഗസ്ത്യമഹർഷി കഷ്ണമായ ഏതോ ദിവ്യൗഷധം സ്ഥാപിച്ചിട്ടുണ്ടെന്നു ജനങ്ങൾ വിശ്വസിക്കുന്നു. പല ആധുനിക ഗവേഷകന്മാരും ഈ തീർത്ഥം കൊണ്ടുപോയി പരിശോധിച്ചിട്ടുണ്ടു്.

വിദ്യാർത്ഥികൾക്കും, ചരിത്രകാരന്മാർക്കും, ഗവേഷണക്കാർക്കും, ഭക്തജനങ്ങൾക്കും, ഉല്ലാസയാത്രാസംഘക്കാർക്കും ഒരുപോലെ ഏതുകാലത്തും അറിവും ആനന്ദവും നല്കുന്ന ഇതരസ്ഥലം കേരളത്തിലുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഈ സ്ഥലം ലോകത്തിലെ എട്ടാമത്തെ അത്ഭുതം എന്ന പേരിന്നു സർവ്വഥാ അർഹമാണു്. ലോകബഹളത്തിൽപ്പെട്ടു മനസ്സും ശരീരവും ക്ഷീണിച്ചു നിരുത്സാഹികളായവർക്കു ഈ സ്ഥലം പുതുജീവൻ നല്കുവാൻ പര്യാപ്തമാണു്. അതിഥികളെ ആദരപൂർവ്വം സ്വീകരിച്ചു അവർക്കു വേണ്ടതന്വേഷിച്ചേർപ്പാടുചെയ്യുവാൻ ക്ഷേത്രം ഭാരവാഹികൾ സദാ സന്നദ്ധരാണു്. ഭജനക്കാർക്കും മററും സുഖമായി താമസിക്കുവാൻ ഒന്നാംതരം കെട്ടിടങ്ങളുണ്ടു്. ഭക്ഷണസൗകര്യങ്ങളും യഥേഷ്ടമുണ്ടു്. ഈ ലേഖനം കേവലം ഒരു വിജ്ഞാപനം മാത്രമാണു്. ഉടനെ പ്രസിദ്ധപ്പെടുത്തുവാനുദ്ദേശിക്കുന്ന "വെഞ്ഞനാടു് സ്വരൂപം" ചരിത്രത്തിൽ ഈ വിഷയത്തെപ്പററി സവിസ്തരം പ്രതിപാദിക്കുന്നുണ്ടു്.

— * —

"ആദ്യൈർവ്വിദ്യോതമാന പ്രകടന ഗുരുദീർ-
വേദസംഘൈരഗമ്യം,
യോഗീന്ദ്രൈഃ സിദ്ധസംഘൈരനുദിനമമരൈർ
ദ്ധ്യേയ പാദാരവിന്ദം.

വിശ്വാകാരമനന്ത മക്ഷരമജം
വിശ്വാതിശായിപ്രഭം,
വന്ദേ വേദകദേശയന്തമമലം
യോഗീന്ദ്ര ഹൃദ്കഞ്ജഗം".

## രസിക രസായനം

"എന്തുണ്ടു് ചേട്ടാ നാട്ടിലൊക്കെ വർത്തമാനം ! "

"നമ്മുടെ ഭാര്യ സുഖമില്ലാതെ കിടപ്പിലാകയാൽ ഈയ്യിടെ നാട്ടുവർത്തമാനമൊന്നും അറിയുന്നില്ല"

# പ്രേമഭക്തി

ചാത്തനാത്തു് അച്യുതമേനോൻ

കണ്ണാ! നീലക്കാർവർണ്ണാ! കുളിർ കഞ്ജവിലോചന, വന്നാലും!
എൻകരൾതീർത്ത സുവർണ്ണക്കോവിലിലെൻ പരദൈവം നിന്നാലും

ഓടക്കുഴലിലൊരോമനരാഗ പ്രേമമരന്ദമൊഴുക്കുനീ
ഏകാന്തതയിലലിഞ്ഞൊരു ജീവിത മൂകവിശാലതാഴ്‌വരയിൽ
ആമ്മൃദുമോഹനഗാനതരംഗിണി യാനന്ദോജ്വല മൊഴുകട്ടെ!

വാനിനെനോക്കി മലർന്നുകിടന്നുമയങ്ങും പച്ചക്കുന്നണികൾ
സ്വർഗ്ഗീയാമൃതലഹരീലോല സ്വപ്നലയത്തിൽ മുഴുകട്ടെ!
ആനവമഞ്ഞപ്പട്ടിന്നൊളിപൂണ്ടാകമ്രോജ്വല മാകട്ടെ!

ഇളമയിലേററം മൃദിമയിലക്കുളിരിളയിൽവിരിച്ചൊരുപുൽവട്ടിൽ
ശോഭനമത്തിരുപദപോതം തവ ശോണനിലാവുപരത്തട്ടെ!

നിൻമുകിൽമെയ്യൊളി ചെന്നണിമാലം മിന്നൽപിണരുകയാൽ
ആത്തകുതൂഹലമാ മയിലിണകൾ നൃത്തവിലാലമുതിർക്കട്ടെ!

പീതാംബരധര! വൃന്ദാവനചര! മാധവ, രാധാഹൃദയവര!
ആയമുനാനദതടമായ്മാറുക മായാലോലാമമ ഹൃദയം!
ഇല്ലിവിടെന്നുടെ ഭാവനയെന്യേ വല്ലവരമണീസൌന്ദര്യം!
പുഷ്പാസ്തൃതമല്ലെങ്കിലുമെന്നീ പച്ചപ്പട്ടിലിരുന്നാലും!

ലജ്ജവിവശിത മാമകഭാവന നില്പുണ്ടിവിടെത്തിരുമുമ്പിൽ!
പാദതലത്തിൽ നമിക്കുമൊരിവളെച്ചേവടി തഴുകാനാക്കേണേ!

കണ്ണാ! നീലക്കാർവർണ്ണാ! കുളിർ
കഞ്ജവിലോചന, വന്നാലും!
മാമകജീവിതമേട്ടിന്നൊരിത്തിരി
ലാവണ്യം നീ തന്നാലും!

# പുസ്തകാഭിപ്രായം

1. **പ്രബോധ സുധാകരം**: വിവർത്തകൻ, വേദാന്തശിരോമണി, വേദാന്തഭൂഷണം ശ്രീ. എ. ശങ്കരവർമ്മ. പ്രകാശകൻ ശ്രീ ആഗമാനന്ദ സ്വാമി. ശ്രീരാമകൃഷ്ണ അദ്വൈതാശ്രമം, കാലടി. വില ക 1.00.

ശ്രീ ശങ്കരാചാര്യസ്വാമികളുടെ ഒരു വിശിഷ്ട കൃതിയാണ് പ്രബോധ സുധാകരം. ഈ പുസ്തകത്തിൽ ദേഹനിന്ദ, വിഷയനിന്ദ, മനോനിന്ദ, വിഷയനിഗ്രഹം, മനോനിഗ്രഹം, വൈരാഗ്യം, ആത്മസിദ്ധി, മായാസിദ്ധി, ലിംഗഭേദാദി നിരൂപണം, അദ്വൈതം, കർത്തൃഭോക്തൃത്വം, സ്വപ്രകാശതാ, നാദാനുസന്ധാനം, മനോലയം, പ്രബോധം, ദ്വിധാ ഭക്തി, ധ്യാനവിധി, സഗുണനിർഗ്ഗുണയോരൈക്യം, ആനുഗ്രഹികം എന്നിങ്ങനെ ഗഹനങ്ങളായ പത്തൊമ്പതു പ്രകരണങ്ങളാണ് അടങ്ങീട്ടുള്ളതു്.

അദ്വൈതമൂർത്തിയായ ശ്രീ ശങ്കരഭഗവൽപാദർ ഒരു ശൈവമാർഗ്ഗാനുസാരിയാണെന്നാണ് മിക്കവരും ധരിച്ചിട്ടുള്ളത്. എന്നാൽ ഈ ഗ്രന്ഥത്തിലെ ഒടുവിലത്തെ മൂന്നു പ്രകരണങ്ങളും വായിച്ചാൽ ആചാര്യസ്വാമി കൃഷ്ണഭക്തനായ വൈഷ്ണവനാണെന്നു തോന്നിപ്പോകും. അവിടുന്നു എഴുതീട്ടുള്ളതും വ്യാഖ്യാനിച്ചിട്ടുള്ളതുമായ ശൈവഗ്രന്ഥങ്ങൾ വായിച്ചാൽ സ്വാമി തിരുവടി ഒരു ശൈവനാണെന്നും അപ്രകാരം അദ്ദേഹത്തിൻെറ വൈഷ്ണവ ഗ്രന്ഥങ്ങൾകൊണ്ടു അദ്ദേഹം ഒരു വൈഷ്ണവനാണെന്നും ദേവീപരങ്ങളായ ഗ്രന്ഥങ്ങൾകൊണ്ടു ഒരു ശാക്തേയനോ ദേവ്യുപാസകനോ ആണെന്നുമുള്ള ബോധമാണ് എല്ലാവക്കും ഉണ്ടാവുക. ഇതെല്ലാം ഭക്താഗ്രണികളുടെ ഭാവന മാത്രം. ലോകാനുഗ്രഹത്തിനു വേണ്ടി മാത്രം ദേഹം കൈക്കൊണ്ടു ജനലക്ഷത്തെ അധർമ്മമാർഗ്ഗങ്ങളിൽനിന്നു നേരായ വഴിക്കു തിരിച്ചുവിട്ട ആ മഹാ അദ്വൈതാചാര്യൎക്കുണ്ടോ മൂർത്തിഭേദം!

സരളവും സർവ്വജനസുബോധിതവുമായ വിധത്തിൽ ഈ ഗ്രന്ഥം ഗദ്യത്തിൽ വിവർത്തനം ചെയ്ത ആ പണ്ഡിതവര്യൻെറ ശ്രമം അത്യന്തം സഫലമായിട്ടുണ്ടു്. ജാതിമതഭേദമില്ലാതെ സ്ത്രീപുരുഷഭേദമെന്യെ, ആസ്തികരും നാസ്തികരും ഒരുപോലെ മനസ്സുവെച്ചു ഈ ഗ്രന്ഥം പഠിക്കുന്നതായാൽ ആയതു അവൎക്ക് വലുതായൊരു നേട്ടമായിരിക്കും. പുറംചട്ടയിൽ കൊടുത്തിട്ടുള്ള വേണുഗോപാലൻെറ ചിത്രം അത്യന്തം മനോഹരമായിട്ടുണ്ടു്.

2. **ലഘു രാജയോഗം**: വിവർത്തകൻ, ശ്രീ ആഗമാനന്ദസ്വാമി. പ്രബുദ്ധകേരളം ആപ്പീസ്സ്, ശ്രീരാമകൃഷ്ണ അദ്വൈതാശ്രമം, കാലടി. വില 50 ന.പ.

ശ്രീ വിവേകാനന്ദസ്വാമികൾ അമേരിക്കയിൽവെച്ച തന്റെ ഒരു ശിഷ്യത്തിയായ സാറ. സി. ബുളിന്റെ ഗൃഹത്തിലിരുന്നു രാജയോഗത്തെപ്പററി കൊടുത്തിട്ടുള്ള ഉപദേശങ്ങളെ അവർ കുറിച്ചെടുത്തു ആറു പാഠങ്ങളാക്കി പ്രസിദ്ധപ്പെടുത്തീട്ടുള്ളതിന്റെ തർജ്ജമയാണ് കമനീയമായ ഈ കൊച്ചുപുസ്തകം. യോഗസാധനയിലഭിരുചിയുള്ളവക്കു ഇതു വളരെ ഉപകരിക്കും.

3. **ജയന്തിസുമം**: സമ്പാദകൻ സാധുശീലൻ പരമേശ്വരൻപിള്ള, പ്രകാശകർ, ഗീതോദയസമിതി, കോഴിക്കോട്-2. വില ക 1-0-0.

ഇക്കഴിഞ്ഞ ശ്രീകൃഷ്ണജന്മാഷ്ടമിയുടെ സ്മാരകമായി പ്രസിദ്ധപ്പെടുത്തീട്ടുള്ള ഒരു വിശിഷ്ട ഗ്രന്ഥമാണ് "ജയന്തിസുമം". പുസ്തകത്തിന്റെ പേരിൽ നിന്നുതന്നെ ഉള്ളടക്കത്തിന്റെ വൈശിഷ്ട്യത്തെക്കുറിച്ച് നമുക്കു ഏറെക്കുറെ അനുമാനിക്കാം എന്തായിരിക്കുമെന്ന്. ഇതിലെ ഓരോ ലേഖനകുസുമങ്ങളിൽനിന്നും വമിക്കുന്ന ദിവ്യമായ സൌരഭ്യം ആരേയും ആനന്ദതുന്ദിലരാക്കി അവരിൽ പരമാനുഭൂതി ജനിപ്പിക്കുന്നതാണെന്നു പറയാൻ ഞങ്ങൾക്കു വളരെ സന്തോഷമുണ്ട്. പേരും പെരുമയും, പഠിപ്പും പാണ്ഡിത്യവും, ബുദ്ധിക്കിരുപ്പും ഉറപ്പും സിദ്ധിച്ചിട്ടുള്ള മഹാന്മാരിൽ പലരും അവരുടെ ഹൃദയപത്മത്തെ ശ്രീ ഭഗവൽപാദാരവിന്ദത്തിലർപ്പിച്ചിട്ടുള്ളതെല്ലാംമൊന്നായി ചേർത്തു നമുക്കേവക്കും അനുഭവിച്ചാനന്ദിച്ചു നിർവൃതികൊള്ളുവാൻ പാകത്തിൽ സാധുശീലൻ പരമേശ്വരൻപിള്ള പരിശ്രമിച്ചിട്ടുള്ളതു് കേരളീയരുടെ ഭാഗ്യോദയലക്ഷണമായി കരുതാം. അദ്ദേഹത്തിന്റെ ഈ നിഷ്കാമസേവനം ആസ്തിക്യബോധമുള്ള ഏവരും കൊണ്ടാടേണ്ടതാണ്. കാലവ്യത്യാസമെന്നു പറയും ചിലർ, ഇന്നത്തെ ജനങ്ങൾ ഇത്തരം പുസ്തകങ്ങളിൽ അഭിമാനം കൊള്ളുകയില്ലെന്ന്. ഞങ്ങൾ പറയും, അതു കാലവ്യത്യാസമല്ല, സ്വയം നിന്ദിക്കൽ മാത്രമാണെന്ന്. ഇത്തരത്തിൽ വർഷംതോറും ഓരോ പുസ്തകം പ്രസിദ്ധപ്പെടുത്തുവാൻ ജനബന്ധുവായ ശ്രീ സാധുശീലനെ സജ്ജനങ്ങൾ ത്രിവിധികരണങ്ങളെക്കൊണ്ടും സഹായിക്കുമെന്നു ഞങ്ങൾക്കുറപ്പുണ്ട്. അദ്ദേഹത്തിന്റെ പ്രയത്നങ്ങൾക്ക് സവ്വഭാവുകങ്ങളും ആശംസിക്കുന്നു.

—പത്രാധിപർ.

ഒരാൾ:— "ചന്തയിൽ ഇന്നു വിലക്കുറവുള്ള പച്ചറക്കറി എന്താ കിട്ടുക"

മററയാൾ:— "നമ്മുടെ പോററിയുടെ ഹോട്ടലിൽ ഇന്നു സാമ്പാറിനു കഷണമെന്താണെന്നു നോക്കീയാൽ മതി."

# ഈശ്വരവിലാസം

(തുടർച്ച)

കെ. ജനാർദ്ദനൻ തമ്പാൻ

"അഖിലവ്യാപ്തമായി ആവാച്യമായൊരു നിഗൂഢശക്തി നിലകൊള്ളുന്നുണ്ടു്. എനിക്കതിനെ കാണാനാവുന്നില്ലെങ്കിലും എന്റെ ഉള്ളത്തിൽ അതനുഭവപ്പെടുന്നുണ്ടു്. ആ അദൃശ്യശക്തി തന്നെത്താൻ അതിന്റെ സാന്നിദ്ധ്യം എനിക്കനുഭവപ്പെടുത്തിത്തരികയാണു്. അതേസമയം അതിനെ നിരൂപിക്കുവാനുള്ള എന്റെ ശ്രമങ്ങളെയെല്ലാം അതു് വിഫലമാക്കുന്നു. എന്തെന്നാൽ എന്റെ നേത്രശ്രോത്രാദി ഇന്ദ്രിയങ്ങൾവഴി എനിക്കറിയാനാവുന്ന വസ്തുക്കളിൽ നിന്നൊക്കെയും അത്രമേൽ വ്യത്യസ്തമാണാശക്തി. അതു് അതീന്ദ്രിയമാണു്." അമ്മട്ടിലാണു് ഗാന്ധിജി തന്റെ അനുഭവങ്ങളെ പരിശോധിച്ചുതുടങ്ങുന്നതു്. അദ്ദേഹം തുടരുന്നു:—"അസ്പഷ്ടമായിട്ടാണെങ്കിലും ഒരു വാസ്തവം എനിക്കു് കാണാനാവുന്നു. ചുററുപാടിലുമുള്ള സകലവും സദാകാലം മാറിമാറിക്കൊണ്ടിരിക്കുന്നു, നശിച്ചുലയിച്ചുപോകുന്നു. എങ്കിലും തുടർച്ചയായ ഈ മാററങ്ങൾക്കിടയിലും മാററമില്ലാത്ത ഒരു ജീവസത്ത അവശേഷിക്കുന്നു. ഈ അവിപര്യയ ജീവസത്തയാണു് സകലത്തേയും സംഗ്രഹിച്ചു് നിലനിർത്തുന്നതു്. സൃഷ്ടിച്ചും സംഹരിച്ചും പുനഃസൃഷ്ടിച്ചും കൊണ്ടങ്ങനെ ആ അവ്യയശക്തി നിത്യമായി വാഴുന്നു. ഈ സർവ്വാന്തശ്ചൈതന്യശക്തി, അഥവാ ആത്മീയസത്ത, ആകുന്നു ഈശ്വരൻ. ഇന്ദ്രിയവേദ്യങ്ങളായ വസ്തുക്കൾക്കൊന്നുംതന്നെ മാററമില്ലാത്ത നിലനിൽപ്പു കാണാത്തതിനാൽ ഈശ്വരൻ മാത്രമേ സത്യമായിട്ടുള്ളു എന്നു് ബോധിക്കുന്നു." അലംഘനീയമായ ഒരു നിയമം (ധർമ്മം) ഉണ്ടു് ചേതനാചേതന സമസ്തവസ്തുക്കളേയും ഭരിക്കുന്നതായിട്ടു്. ആ നിയമം ഒരു അന്ധനിയമം ആവാൻ തരമില്ല. ജഡനിയമത്തിന്നു് ജീവഭൂതങ്ങളുടെ സ്വച്ഛന്ദതകളെ ഭരിക്കാനാവില്ല. സർവ്വജീവഭൂതങ്ങളേയും നിയന്ത്രിച്ചു് നടത്തുന്ന ആ നിയമം (ധർമ്മം) ആകുന്നു ദൈവം. നിയമവും നിയാമകനും ഒന്നുതന്നെ." "മരണങ്ങൾക്കുമദ്ധ്യേ ജീവചൈതന്യം പുലരുന്നു. അസത്യങ്ങൾക്കു മദ്ധ്യേ സത്യം വിജയിക്കുന്നു. അന്ധകാരങ്ങൾക്കു മദ്ധ്യേ പ്രകാശം തെളിയുന്നു. അതിനാൽ ഈശ്വരൻ ജീവചൈതന്യമാണു്, സത്യം (സത്) ആണു്, പ്രകാശം (ചിത്) ആണു്. എന്നാകുന്നു ഞാൻ ഗ്രഹിക്കുന്നതു്. ഈശ്വരൻ പ്രേമശക്തിയാണു് പരമശിവമാണു് ഈശ്വരൻ."

"ശക്തികളിൽവെച്ചും ശക്തിയാണീശ്വരൻ. അന്യശക്തികളെല്ലാം ഭൌതികങ്ങളാണു്. ഈശ്വരനെന്നശക്തി ചൈതന്യശക്തിയാണു്. സർവ്വഗതവും സർവ്വാശ്ലേഷകവുമായ ആത്മീയതയാണു് ഈശ്വരൻ."

"സദാചാരവും നീതിയുമാണീശ്വരൻ. സ്നേഹവും നിർഭയതയുമാകുന്നു ഈശ്വരൻ. നന്മകൾ എല്ലാററിന്റെയും ആകത്തുകയാകുന്നു ഈശ്വരൻ. മനസ്സാക്ഷിയാണ് ഈശ്വരൻ. നിരീശ്വരവാദിയുടെ നിരീശ്വരത്വംപോലും ഈശ്വരൻ തന്നെ. നമ്മളിലെല്ലാമുണ്ട് ഈശ്വരൻ. എങ്കിലും നമ്മളിൽ നിന്നെല്ലാം ഉയരെയും അകലേയുമാണ്."

ഗാന്ധിജിയുടെ ആ വിശദീകരണങ്ങളിൽനിന്ന് അതിപ്രധാനമായ ഒരു സംഗതിവ്യക്തമാകുന്നുണ്ട്. അതായത് ഗാന്ധിജിയുടെ "സത്യ"മായ ഈശ്വരൻ വെറുമൊരു ഭൌതിക—അതെത്രതന്നെ സൂക്ഷ്മവും പ്രാഥമികവും ആയാലും വേണ്ടില്ല—പദാർത്ഥമല്ല; ഗാന്ധിജിയുടെ "ശക്തി"യായ ഈശ്വരൻ അതിസൂക്ഷ്മവും അതിവേഗവുമായ ഏതോ ഭൌതികചലനമോ അദൃശ്യരശ്മിയോ അല്ല. ഈശ്വരനാകുന്ന സത്യവസ്തുവും ശക്തിയും ചൈതന്യവസ്തുവാണ്, സ്വേച്ഛാശക്തിയാണ്. അത് ധർമ്മവും നീതിയുമായി പ്രവർത്തിക്കുന്ന ജ്ഞാനശക്തിയാണ്. മനസ്സാക്ഷിയായി, സദാചാരമായി, നമ്മുടെ എല്ലാം ഉള്ളം ഉണർത്തിയും വിളക്കിയും, അനാസക്തസ്വച്ഛമായി നിത്യം വിളയാടുന്ന ആത്മീയ മഹിമയാണ്. ഭൌതികവസ്തു ശക്തികളെ നിഷേധിക്കുന്നില്ല. അതിസ്ഥൂലങ്ങളും അതിസൂക്ഷ്മങ്ങളുമായ ഭൌതികതകൾ—വിപുലസ്ഥലകാലങ്ങളിലെ ബൃഹന്നക്ഷത്രമണ്ഡലങ്ങളും പരമാണുഘടകങ്ങളായ പ്രോട്ടൺ എലക്ട്രോൺതുടങ്ങിയ കണങ്ങളും അത്യന്തതനുക്കളായ റേഡിയോപ്രസരണ കിരണങ്ങളും—ഇല്ലെന്നല്ലാ പറയുന്നത് അതുകളെല്ലാം ഇന്ദ്രിയവേദ്യങ്ങളായ വാസ്തവങ്ങൾ തന്നെ. പക്ഷെ അവയെല്ലാം സാപേക്ഷികങ്ങളാണ്. അവ അസ്ഥിരങ്ങളാണ്. നിത്യവിപര്യയവിധേയങ്ങളാണ്. സാപേക്ഷതയാൽ അവ സത്യമായും അസത്യമായും മാറിമാറിക്കൊണ്ടിരിക്കും. ഈശ്വരൻ എന്ന സത്യമാകട്ടെ ഇപ്പറഞ്ഞതെല്ലാം ഉൾക്കൊള്ളുന്നു—അഥവാ ഇവക്ക് സ്ഥലകാലസദ്ഭാവം അരുളുന്നു ("യത്ര ത്രിസർഗ്ഗോƒമൃഷാ"); എങ്കിലും ഇതുകളിൽ നിന്നെല്ലാം ഭിന്നമായി അതീതമായി അവികാരിയായി അവിനാശിയായി നിലകൊള്ളുന്നു. വിരോധാഭാസമായി തോന്നുമെങ്കിലും അനുഭവമാത്രവേദ്യമാകുന്ന ഈ പരമാർത്ഥത്തെയത്രേ ഭഗവദ്ഗീതയിലെ "രാജവിദ്യാരാജഗുഹ്യയോഗം" ധ്യായത്താൽ ഇപ്രകാരം വ്യഞ്ജിച്ചിരിക്കുന്നത്:—

"മയാതതമിദം സർവ്വം ജഗദവ്യക്തമൂർത്തിനാ
മൽസ്ഥാനി സർവ്വഭൂതാനി നചാഹം തേഷ്വവസ്ഥിതഃ
ന ച മൽസ്ഥാനി ഭൂതാനി പശ്യമേ യോഗമൈശ്വരം
ഭൂഭൃന്നച ഭൂതസ്ഥോ മമാത്മാ ഭൂതഭാവനഃ"

ചുരുക്കത്തിൽ അസത്തും അചിത്തുമായ വെറും ഭൌതികതയല്ലാ ഈശ്വരൻ, സത്തും ചിത്തുമായ അവ്യയാത്മാവാണ്. നമ്മളിലെല്ലാം അന്തര്യാമിയായുണ്ട് ഈശ്വരൻ.

ജിജ്ഞാസുവിന്റെ ബൌദ്ധിക പ്രശ്നങ്ങളെല്ലാം തൃപ്തിപ്പെടുത്തുവാൻ പര്യാപ്തമാണാവിവരണങ്ങൾ. എന്നാൽ സാധാരണ ഭക്തനെ ഇപ്പോഴും ഒരു

സംശയം അസുഖപ്പെടുത്തുന്നു. പ്രത്യേകിച്ചും ഗാന്ധിജിയുടെ ചില പ്രസ്താവങ്ങൾ നിമിത്തം. "ഈശ്വരൻ ഒരാളല്ല", "ഞാൻ ഈശ്വരനെ ഒരാളായി (വ്യക്തി അഥവാ മൂർത്തിയായി) കരുതുന്നില്ല." അങ്ങനെ ഗാന്ധിജി ഊന്നിപ്പറയുമ്പോൾ സാധാരണ ഭക്തൻ അസ്വസ്ഥനാകുന്നു. അവ്യക്തമായ, അരൂപിയായ, ഒരാത്മീയതയേയോ സത്യശക്തിയേയോ എങ്ങനെയാണ് ഭജിക്കാനാവുക? അങ്ങനത്തെ ഒരീശ്വരാശയത്തെ സമീപിച്ച് തൽസേവനത്തിൽ ആനന്ദവും തൽസാന്നിധ്യത്തിൽ സമാധാനവും സാധിക്കുന്നതെങ്ങനെ?

ഭക്തന്റെ ഈ മനോദൌർബ്ബല്യവും ഒരു സുവ്യക്താശ്രയാപേക്ഷയും ഉള്ളിലോർത്തുകൊണ്ടെന്നപോലെ ഗാന്ധിജി പറയുന്നു: "നാം ഈശ്വരനെ ഒരാളായിട്ട് (പുരുഷാകൃതിയായിട്ട്) വർണ്ണിക്കുന്നതു് നമ്മുടെ മാനുഷഭാഷയ്ക്കൊത്തവണ്ണമാണ്. പക്ഷെ നാമങ്ങനെ ഈശ്വരനെ പരിമിതനാക്കുന്നു" എങ്കിലും ഭക്തൻ സങ്കടപ്പെടേണ്ടതില്ല ശങ്കകൂടാതെ ഗാന്ധിജി ഏററു പറയുന്നു. "യാതൊരു ഭക്തനു് തന്റെ ഭഗവാന്റെ മൂർത്തിമൽസാന്നിധ്യം കൂടാതെ കഴിയില്ലെന്നു തോന്നുന്നു, ആ ഭക്തനു് ഈശ്വരൻ ഒരാളായിട്ട് (പുരുഷാകൃതിയായിട്ടു) തന്നെ പ്രത്യക്ഷപ്പെടും. ഈശ്വരന്റെ കരസ്പർശം ആവശ്യമായിട്ടുള്ളവർക്കു് ഈശ്വരൻ സഗുണസാകാരനായിട്ട് അനുഗ്രഹമരുളും" ഗാന്ധിജിയുടെ ഈ വാദത്തിന്നു് ആഗമപ്രാമാണ്യമനുവദിക്കുന്നുണ്ടു് "നാരദപാഞ്ചരാത്രത്തിലെ" ഈ ശ്ലോകം:

"നതേരൂപം നചാകാരോ നായുധാനി നചാസ്പദം
തഥാപി പുരുഷാകാരോ ഭക്താനാം ത്വം പ്രകാശസേ"

ഭക്തനു് ആവിധം വിശ്വാസപൂർവ്വം ഭജിച്ച് തന്റെ ഇഷ്ടദൈവതത്തെ ഏതു മനോജ്ഞരൂപത്തിലും അനുഭവപ്പെടുത്താവുന്നതാണ്. എന്നാൽ ഭക്തന്റെ ഈശ്വരാശയവും സ്വാവബോധവികാസാനുരൂപം വികസിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ്. നോക്കുക താദൃശനായൊരു ഭക്തന്റെ അവബോധവികാസം "രൂപം രൂപവിവർജ്ജിതസ്യ ഭവതോ ധ്യാനേനയൽ കല്പിതം സ്തുത്യാ f നിർവ്വചനീയതാഖിലഗുരോ! ദൂരീകൃതാ യന്മയാ വ്യാപിത്വം ച നിരാകൃതം ഭഗവതോ യത്തീർത്ഥയാത്രാദിനാ ക്ഷന്തവ്യം തദ്വികലതാ ദോഷത്രയം മൽകൃതം" അവ്വണ്ണം ഒരേ സമയം സരൂപനും ജഗദീശ! അരൂപനും സഗുണനും നിർഗ്ഗുണനുമാണ് ഈശ്വരൻ. എങ്കിലും ദുർബ്ബലരും അതീവ വികലരുമായ നമുക്ക് എപ്പോഴും ഭജനീയസമാശ്രയമായി. നമ്മുടെ ഉള്ളിലും ഉയരേയും ഭാസിക്കുന്നു ഭഗവാൻ. ഗാന്ധിജിയുടെ ഈശ്വരൻ—വിശ്വാസമുള്ള ഏവരുടേയും ഈശ്വരൻ—ഭക്തന്റെ അവശതകളെ പരിഹരിക്കുകയും അയാളുടെ ദോഷരഹിത ചേതോഭിലാഷങ്ങളെ സാധിപ്പിക്കുകയും ചെയ്യുന്ന സർവ്വജ്ഞനും സർവ്വശക്തനുമായ ഭഗവാനാണ്; ജിജ്ഞാസുവിന്റെ ബൌദ്ധിക പ്രശ്നങ്ങളെ തൃപ്തിപ്പെടുത്തുന്ന സർവ്വാന്തര്യാമിയായ പരമാത്മാവാണ്; നിസ്സംഗജ്ഞാനിയുടെ പ്രത്യഗഭിന്നമായ ബ്രഹ്മമാണ്— "ബ്രഹ്മേതി പരമാത്മേതി ഭഗവാനിതി ശബ്ദ്യതേ" (ഭാഗവതം) എന്നാൽ ഇതൊന്നും തർക്കവാദംകൊണ്ടു തീരുമാനി

ക്കേണ്ടതോ തീരുമാനിക്കാവുന്നതോ ആയ സിദ്ധാന്തമല്ല. അതിനാൽ ഈ പ്രകരണത്തെ ഗാന്ധിജി ഉപസംഹരിക്കുന്നതു് ഇപ്രകാരമാണു്:—

"വാസ്തവത്തിൽ നാം അചിന്ത്യമായതിനെ ചിന്തനം ചെയ്യുവാൻ ശ്രമിക്കുകയാണു്. അവർണ്ണ്യമായതിനെ വർണ്ണിക്കുകയാണു്. അജ്ഞാതമായതിനെ അറിയാൻ നോക്കുകയാണു്. അതിനാലാണു് നമ്മുടെ മൊഴികൾ ഉഴറുന്നതും പലപ്പോഴും പൂർവ്വാപരവിരുദ്ധമാകുന്നതും. അതുകൊണ്ടാണു് വേദങ്ങൾ പോലും ബ്രഹ്മനിർവ്വചനം ചെയ്യുമ്പോൾ "നേതി", "നേതി", എന്നിങ്ങനെ പറഞ്ഞുകഴിക്കുന്നതു്. ഇതൊന്നുമല്ലാ ബ്രഹ്മം (ഈശ്വരൻ) എങ്കിലും അതു് (ബ്രഹ്മം—ഈശ്വരൻ) ഉള്ളതാണു് എന്നു സാരം. ഈ നമ്മളെല്ലാമുണ്ടെങ്കിൽ, ഈ നമ്മുടെ പിതാക്കളും അവരുടെ പിതാക്കളുമുണ്ടായിരുന്നുവെങ്കിൽ, ഈ സമസ്ത സൃഷ്ടിക്കും ഹേതുഭൂതനായ ഒരു ജനയിതാവുണ്ടെന്നു വിശ്വസിക്കുന്നതും യുക്തംതന്നെ. അങ്ങനെ ഒരു ജനയിതാവില്ലായിരുന്നുവെങ്കിൽ നാമൊന്നുമില്ലെന്നു വരും. അതാണു് മനുഷ്യരെവരും ഏകകണ്ഠമായി ഒരേ ജഗൽപിതാവിനെ അവരവരുടെ വ്യത്യസ്ത ശബ്ദങ്ങളിൽ—ഈശ്വരാ! പരമാത്മൻ! ശിവശിവ! രാമ രാമ! അള്ളാ! വിഷ്ണോ! ഇത്യാദി നാമങ്ങളാൽ—അഭിസംബോധനം ചെയ്യുന്നതു്. ഈശ്വരൻ ഏകനാണെങ്കിലും അനേകക്ക് അനേകനാണു്. ഈശ്വരൻ പരമാണുവേക്കാൾ ചെറുതാണെങ്കിലും ഹിമാലയത്തേക്കാൾ വലുതുമാണു്. ഒരു ചെറുനീർക്കണത്തിലൊതുങ്ങും ഈശ്വരൻ. സപ്തമഹാസമുദ്രങ്ങൾക്കും ഈശ്വരനെ ഉൾക്കൊള്ളാനാവുകയുമില്ല. തർക്കബുദ്ധിക്കു കെല്പില്ല ഈശ്വരനെ മനസ്സിലാക്കാൻ. വൃഥാ വാദിക്കുന്നില്ല. വിശ്വാസമാണു് ഈ വിഷയത്തിൽ അവശ്യം ആവശ്യം, യുക്തിവാദത്തിൽ സമർത്ഥനായ നിരീശ്വരവാദിക്കു് എന്നെ എളുപ്പത്തിൽ തോൽപ്പിച്ചു മറിച്ചിടാം. എന്നാൽ എന്റെ വിശ്വാസം എന്റെ യുക്തിവാദത്തെക്കാൾ വേഗവത്താണു്. അതിനാൽ അഖിലലോകത്തേയും വെല്ലുവിളിച്ചുംകൊണ്ടു് എനിക്കു വിളംബരം ചെയ്യാൻ സാധിക്കും: ഈശ്വരൻ ഉണ്ടു്, ഉണ്ടായിരുന്നു, എന്നും ഉണ്ടാവുകയും ചെയ്യും....

"എന്നാൽ ഈശ്വരവാസ്തവത്തെ നിരസിക്കണമെന്നുള്ളവക്കു് അതിന്നു പൂർണ്ണസ്വാതന്ത്ര്യമുണ്ടു്. ഈശ്വരൻ ക്ഷമാനിധിയും അനുകമ്പാമയനുമാണു്. പ്രജകളെക്കൊണ്ടു തന്റെ അധീശത്വത്തെ അംഗീകരിപ്പിക്കുവാൻ പ്രബലമായൊരു സൈന്യത്തെ അപേക്ഷിക്കുന്ന പാർത്ഥിവനെപ്പോലെയല്ലാ ഈശ്വരൻ. അവിടുന്നു് നമുക്കൊക്കെ സ്വാതന്ത്ര്യമനുവദിച്ചിട്ടുണ്ടു്. അവിടുന്നു വിധിക്കുന്നതെല്ലാം അനുസരിക്കപ്പെടുന്നതു് അവിടുത്തെ അളവററ കൃപാമഹിമയാലാണു്. എന്നാൽ നമ്മളിൽ വല്ലവരും ജഗദീശനു വഴങ്ങുകയോ അവിടുത്തെ വണങ്ങുകയോ ചെയ്യുവാൻ തയ്യാറില്ലെങ്കിൽ തന്തിരുവടിയുടെ അരുളപ്പാടു് ഇപ്രകാരം മാത്രമായിരിക്കും: "ഓ, നിന്റെ ഇഷ്ടംപോലെയാവട്ടെ. എന്നാലും എന്റെ സൂര്യൻ മററാരിലും കുറയാതെ നിനക്കും പ്രകാശിക്കും. എന്റെ മേഘങ്ങൾ ഒട്ടും കുറവുകൂടാതെ നിനക്കും വർഷിക്കും. എന്റെ അധീശത്വത്തെ നിർബ്ബന്ധിച്ചു നിന്നെക്കൊണ്ടു സ്വീകരി

പ്പിയ്ക്കില്ല." അങ്ങനെയുള്ളൊരു ദൈവമുണ്ടോ എന്നു സംശയിച്ചു തർക്കിച്ചുകൊള്ളട്ടെ തന്റേടമില്ലാത്തവർ. അങ്ങനത്തെ ഒരു അധിദൈവതത്തിൽ വിശ്വസ്തചിത്തരായ ലക്ഷോപലക്ഷം തന്റേടക്കാരിലൊരാളായ ഞാൻ എന്റെ ആ ഈശ്വരന്റെ മുന്നിൽ മടിപ്പുകൂടാതെ പ്രണമിയ്ക്കുന്നു, തന്മഹിമയെ ഞാൻ തളർച്ചകൂടാതെ പാടിപ്പുകഴ്ത്തുന്നു....എന്നെ എതിർവിസ്താരം ചെയ്താൽ ഞാൻ വിഷമിച്ചുപോകും. പക്ഷേ അപ്പോഴും ഞാൻ പറയുക, "എന്നാലും ഈശ്വരനുണ്ടു്" എന്നുതന്നെയാണു്—വേഡ്സ്വർത്തിന്റെ കവിതയിലെ ആ മുഗ്ദ്ധബുദ്ധിയായ ചെറുപെൺകുട്ടി യുക്തിഹീനമെങ്കിലും ഉത്തരം മുട്ടാതെ "എന്നാലും ഞങ്ങൾ ഏഴുപേരാണു്" എന്നാവർത്തിച്ചുകൊണ്ടിരുന്നപോലെ....".

ഒരിയ്ക്കൽ ഒരു നിരീശ്വരവാദി ഗാന്ധിജിയോടു ചോദിച്ചു. "അങ്ങു പ്രാർത്ഥിയ്ക്കാറുള്ള ആ ഈശ്വരൻ എങ്ങനത്തവനാണെന്നു് അങ്ങയ്ക്കറിയാമോ?" "ഇല്ലാ, എനിയ്ക്കറിയില്ല," എന്നായിരുന്നു ഗാന്ധിജിയുടെ മറുപടി. "എന്നാൽ പിന്നെ നാം ആരോടാണു് പ്രാർത്ഥിയ്ക്കേണ്ടതു്?" എന്നു നിരീശ്വരവാദി. "നമുക്കറിയാത്ത ഈശ്വരനോടുതന്നെ. നാമാളുകളോടു പലതും അപേക്ഷിയ്ക്കാറുണ്ടല്ലോ. അവരെയെല്ലാം ശരിയായറിഞ്ഞിട്ടാണോ നാമങ്ങനെ ചെയ്യുന്നതു്?" എന്നു ഗാന്ധിജി. "ഇല്ലായിരിയ്ക്കാം. പക്ഷെ വേണമെന്നുണ്ടെങ്കിൽ നാം അഭ്യർത്ഥിയ്ക്കുന്ന ആളുകൾ നമുക്കറിയപ്പെടാവുന്നതാണു്. എന്നു നിരീശ്വരവാദി. "അപ്രകാരം തന്നെ ഈശ്വരനും," ഗാന്ധിജി മറുപടി പറഞ്ഞു. "ഈശ്വരൻ അറിയപ്പെടാവുന്നതുകൊണ്ടു് നാം ഈശ്വരാന്വേഷണം ചെയ്യുന്നു. ഒരു കോടി വർഷങ്ങൾ കഴിയേണ്ടിവന്നേക്കാം നമുക്കു് ഈശ്വരനെ കണ്ടെക്കാൻ. അതുകൊണ്ടെന്താണു്? നമുക്കു് നിസ്സീമമായ ക്ഷമ വേണം, തീവ്രമായ അഭിലാഷവും."

അപ്പോൾ വിശ്വാസമുള്ളവക്കു് ഈശ്വരനുണ്ടു് എന്നു് ചുരുക്കം. വിശ്വസിക്കുന്നതിന്നെന്തൊരാസ്പദമാണു്, എങ്ങനെയാണു് വിശ്വസിക്കാൻ തുടങ്ങേണ്ടതു് എന്നു് ചോദിച്ചാൽ, ശ്വസിക്കുന്നതിനു് നമുക്കാസ്പദമെന്തു്, നാമെങ്ങനെ ശ്വാസം കഴിച്ചുതുടങ്ങുന്നു, എന്നതിൻവണ്ണം തന്നെ എന്നേ പറയാനുള്ളു എന്നുതുടങ്ങിയതെന്നോ എങ്ങനെ തുടങ്ങി എന്നോ പറയാനരുതാതെ കാണപ്പെടുന്ന ഒന്നാണു് മാനവലോകത്തിൽ ഒരു ജഗദീശവിശ്വാസം. ഗാന്ധിജി പറയുകയാണു്:—"ലോകത്തിന്റെ ആ വിശ്വാസം ഞാൻ എന്റേയും വിശ്വാസമായി കൈക്കൊണ്ടു" എന്നു്. ലോകത്തിലെ സ്ഥലകാലാദികളാൽ വ്യത്യസ്തപ്പെട്ട രാജ്യങ്ങളിലെല്ലാം ഒരുപോലെ കാണപ്പെടുന്നുണ്ടു് ജ്ഞാനികളുടേയും സാധുക്കളുടേയും അനുഭവദൃഷ്ടാന്തങ്ങളുടെ അനുസ്യൂതമായ പാരമ്പര്യങ്ങൾ. അതാതുരാജ്യത്തിലെ പൂർവ്വികപാരമ്പര്യം അതാതു് ആളുകൾക്കു് സ്വാഭാവികമായും സുലഭമായും ഉൾക്കൊള്ളാവുന്നതാണു്. അങ്ങനെയാണു് വിശ്വസിച്ചുതുടങ്ങൽ. ഈ വിശ്വാസത്തെത്തന്നെ സ്വതന്ത്രബുദ്ധിക്കൊത്തു് നിഷ്കർഷിച്ചു പരീക്ഷിച്ചു് പിന്നീടു് തള്ളുകയോ കൊ

ള്ളുകയോ ചെയ്യാവുന്നതുമാണ്. അവ്വണ്ണം സദാ ജാഗരൂകനായി, തന്റെ ജീവിതാനുഭവമൂശയിൽ പല പരീക്ഷണങ്ങളും പരിശോധനകളും നടത്തിയ ശേഷവും തന്റെ ആ ആദ്യവിശ്വാസം "നിർമ്മാർജ്ജനം ചെയ്യാനാവാത്ത" വിധം ദൃഢപ്പെടുകയാണുണ്ടായതു് എന്നും. അതുതന്നെ ഒരുദിവ്യാനുഭൂതി എന്നോണം താൻ കരുതുന്നുവെന്നും ഗാന്ധിജി പ്രഖ്യാപിക്കുന്നു. ആ വിധം വിശ്വാസം ധ്രുവവും സ്ഥിരവും ആവുംതോറും സകല സംശയങ്ങളും തീരും വിധവും അഖിലക്ലേശങ്ങളും നീങ്ങുംവിധവും ഈശ്വരസത്യം അനുഭവപ്പെട്ടുതുടങ്ങും.

"ഭിദ്യതേ ഹൃദയഗ്രന്ഥിഃ ഛിദ്യന്തേ സർവ്വസംശയാഃ
ക്ഷീയന്തേഹ്യസ്യകർമ്മാണി തസ്മിൻ ദൃഷ്ടേ പരാവരേ"
(മുണ്ഡകോപനിഷത്)

വിശ്വാസമുണർത്താനും വളർത്താനുമുള്ള സൗകര്യസാഹചര്യങ്ങൾ, ഭാഗ്യവശാൽ, നമുക്കേവർക്കും ജന്മസിദ്ധമായിട്ടുണ്ടെന്നു് സൂചിപ്പിച്ചുവല്ലോ. നാമോരോരുത്തരും ഈടുററ ഏതേതു് മതപാരമ്പര്യത്തിൽ പിറന്നു് മുതിരുന്നുവോ ആ മതത്തിന്റെ സനാതന ശാസ്ത്രദർശനങ്ങളും അതിന്റെ കാലാനുകൂലം നവീകൃതമാകുന്ന (ആക്കാവുന്ന) സദാചാര പദ്ധതികളും തന്നെയാണ് നൈസർഗ്ഗികമായി, ഗുണപ്രദമായി, നമുക്കു് കൈവന്നിട്ടുള്ള സൗകര്യസാഹചര്യങ്ങൾ. എന്നാൽ തന്റേയോ തനിക്കു് വേണ്ടപ്പെട്ടവരുടേയോ ഉപേക്ഷയോ ഉദാസീനതയോ അഥവാ മൂഢതയോ നിമിത്തം ഇതേവരെ ആ സൗകര്യങ്ങൾ ഉപയോഗപ്പെടാതെ പോയല്ലോ എന്നു് വിഷാദിക്കുന്നവർ ഇപ്പോഴെങ്കിലും അതുകളെ ശരണം പ്രാപിക്കേണ്ടതാണ്. ഇനിയും ആ പഴയ വിശ്വാസപാരമ്പര്യം അവക്കു് മേലോട്ടു് ഗതി നൽകുന്നതാണ്. "സ്വല്പമപ്യസ്യ ധർമ്മസ്യ ത്രായതേ മഹതോഭയാൽ" (ഗീത) തന്റെ ബാല്യം മുതൽക്കുതന്നെ ഗാന്ധിജി തന്റെ മതപാരമ്പര്യത്തെ ആദരിച്ചു് ശീലിക്കുകയാലാണ് പ്രായമാകുംതോറും നാനാമുഖമായ ജീവിതപ്പോരാട്ടത്തിലെ കഠിനപരീക്ഷണങ്ങൾ നേരിട്ടപ്പോഴും അദ്ദേഹം മുൻപറഞ്ഞമാതിരി "ലോകത്തെ മുഴുവൻ വെല്ലുവിളിച്ചും" ഈശ്വരോസ്തി എന്നു് ദൃഢസ്വരത്തിൽ സ്വാനുഭവം പ്രഖ്യാപിക്കുവാൻ പ്രാപ്തനായതു്.

ഇത്തരുണത്തിൽ ഒരു ദോഷസാംഗത്യത്തെ ചിന്തനം ചെയ്യേണ്ടതുണ്ടു്. വിചാരശൂന്യവും പരിജ്ഞാനരഹിതവുമായ ബാല്യത്തിൽ ഏതാണ്ടെല്ലാം കണ്ടും കേട്ടും പകർത്തി ശീലിക്കുന്നതു് ഒരുതരം അന്ധമായ മനോഭാവത്തെയല്ലെ വളർത്തിവിടുക? അനാചാരങ്ങളും ദുരാചാരങ്ങളും പുലർത്തുകയാവില്ലേ അതിന്റെ ഫലം? പ്രസക്തിയുണ്ടു് ആ പ്രശ്നങ്ങൾക്കു്. കാലഗതിയിൽ അറിവുകളും പരിചയങ്ങളും മാറുമ്പോൾ (ഏറുമ്പോൾ എന്നല്ല ഞാൻ പറയുന്നതു്) പൂർവ്വികങ്ങളായ പല ആചാരങ്ങളും ധാരണകളും നിർജ്ജീവങ്ങളോ നിരർത്ഥകങ്ങളോ ആയിത്തീരും. അതെല്ലാം പിന്നേയും ബുദ്ധിഹീനം വെച്ചുപുലർത്തുന്നവർ മതഭ്രാന്തരായി തങ്ങൾക്കും അന്യർക്കും പല അനർത്ഥങ്ങൾ

ഉണ്ടാകുന്നതായിക്കാണാം. എന്നാൽ അങ്ങനെ ചില ദോഷങ്ങൾ സംഭാവ്യമാണെന്നുവെച്ച് നാം നമ്മുടെ പരമ്പരീയങ്ങളായ മതദർശനങ്ങളേയും തച്ഛാസ്ത്രനിർദ്ദേശങ്ങളേയും ത്യജിച്ച് നാസ്തികരോ നിരീശ്വരരോ ആവുന്നതും, അഥവാ അന്യസിദ്ധാന്തങ്ങളിൽ—അവ എത്രതന്നെ നവീനമായാലും വേണ്ടില്ല—മോഹിച്ചുവശായി മതംമാറുന്നതും പ്രസ്തുത ദോഷങ്ങൾക്ക് പരിഹാരമാവില്ല. പൊരിയുന്ന കലത്തിൽനിന്ന് എരിയുന്ന അടുപ്പിലേക്ക് പകരുന്ന പരിഹാരമേ ആവൂ അത്. എന്തെന്നാൽ സഹജപാരമ്പര്യം—വ്യക്തിപരവും വംശപരവുമായ വാസനാസംസ്കാരം—അഗാധ അബോധ സ്വഭാവങ്ങൾ—നിഷേധിക്കുവാനോ നിരാകരിക്കുവാനോ ആർക്കും എളുതല്ല. വർത്തമാനം പുത്തനായൊരു ജീവിതത്തിന്നുള്ളതാണെന്ന വാദം ശരിതന്നെ. എന്നാൽ അവനവന്റെ ഭൂതത്തിലാണ് അവനവന്റെ വർത്തമാനം ദൃഢമൂലമായിട്ടുള്ളതെന്നും, തൻ തൻ മണ്ണിലെ വളമാർന്നു വളർത്തപ്പെടുന്ന വർത്തമാനമേ ഓരോരുത്തനും നല്ലൊരു ഭാവിയായി വിടർന്ന് ഫലവത്താകുകയുള്ളൂ എന്നും ഓർക്കണം. പക്ഷേ ഭൂതത്തിന്റെ നിർജ്ജീവാവശിഷ്ടങ്ങളേയും ശിഷ്ടങ്ങളെന്ന് ആശ്ലേഷിക്കേണ്ടിവരികയാണെങ്കിൽ അത് വർത്തമാനത്തിന്റെ വളർച്ചയെ ശ്വാസംമുട്ടിക്കില്ലേ? ഉൽകൃഷ്ട പാരമ്പര്യമുള്ള പ്രധാന മതങ്ങളെല്ലാം അത്തരമൊരു സംഭാവ്യതയെ ഓർക്കാതിരുന്നിട്ടില്ല. ഏതായാലും ഹിന്ദുമതം അഥവാ സനാതന ധർമ്മം ഇക്കാര്യത്തിൽ ധീരമായ അഭിപ്രായം മുന്നമേ പ്രകാശിപ്പിച്ചിട്ടുണ്ട്. ഹിന്ദുവിന്ന് വേദങ്ങളാണല്ലോ പരമപ്രമാണം. ആ വേദങ്ങൾ തന്നെ അനുവദിക്കുന്നു, പരബ്രഹ്മത്തെ—ഈശ്വരപരമസത്യത്തെ—പ്രാപിക്കുവാൻ സമുത്ഥിതനായ ദൃഢവൈരാഗിക്ക്, ഉൽക്കടജിജ്ഞാസുവിന്ന്, ഏകാന്തഭക്തന്ന്, വൈദിക വിധിനിഷേധങ്ങളേയും പിന്നിട്ടുപോകാവുന്നതാണ്, പോകേണ്ടതുമാണ്, എന്ന്. "സത്യം ജ്ഞാനമനന്തം ബ്രഹ്മ"ത്തെ അപേക്ഷിച്ച് തങ്ങളുടെ നില "യതോവാചോ നിവർത്തന്തേ അപ്രാപ്യമനസാ സഹ" എന്നാണെന്ന് ദിവ്യദിവ്യങ്ങളായ വേദങ്ങൾ സ്വയം സമ്മതിക്കുന്നു. അതിനാൽ തങ്ങളുടെ കർത്തവ്യം അസംപൂർണ്ണ സച്ചിദാനന്ദത്തിലേക്കുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, ആ സത്യപരാക്രമത്തിന്ന് മുതിരുന്ന സുധീരജീവന്മാർക്ക് അതിന്നവശ്യം ആവശ്യമായ പ്രാരംഭശിക്ഷണങ്ങൾ നൽകി അവരെ അതിന്നധികാരികളാക്കുക, അത്രയേ ഉള്ളൂ എന്ന് വേദശാസ്ത്രങ്ങൾ ഒതുങ്ങി നില്ക്കുന്നു.

"യാവാനർത്ഥ ഉദപാനേ സർവ്വതഃ സംപ്ലുതോദകേ
താവാൽ സർവ്വേഷു വേദേഷു ബ്രഹ്മണസ്യ വിജാനതഃ"

എന്നും, "ത്രൈഗുണ്യ വിഷയാ വേദാ നിസ്ത്രൈഗുണ്യോ ഭവാർജ്ജുന" എന്നും, "ജിജ്ഞാസുരപി യോഗസ്യ ശബ്ദബ്രഹ്മാതി വർത്തതേ" എന്നും ഉള്ള ഗീതാവാക്യങ്ങൾ വേദങ്ങളുടെ ആവശ്യപ്രാമാണ്യാവധിയേയും, അതും കവിഞ്ഞു പോകാവുന്നതും പോകേണ്ടതുമായ ഭാഗവതീഗതിയേയും, സൂചിപ്പിക്കുന്നു. നമ്മുടെ ആചാര്യന്മാരിൽ അഗ്രിമനായ ശ്രീശങ്കരൻ അസന്നിഗ്ദ്ധം പ്രസ്താവി

ച്ചിട്ടുണ്ടു്, വേദമാണ് സർവ്വോൽകൃഷ്ട പ്രമാണമെങ്കിലും ഏകാന്ത വേദാന്ത വിക്രമിക്കു് അവസാനത്തെ പ്രമാണം സ്വാനുഭവം മാത്രമാണ് എന്നു് എന്നിന്നാരലും അർഹതയും അധികാരിത്വവും വഴിപോലെ ആർജ്ജിക്കാത്തവർ ഉപരിപ്ലവം തുടങ്ങുന്നതു് പരക്കെ ആപൽക്കരമാണെന്നതിനാൽ, "ധർമ്മസംസ്ഥാപന"ത്തിന്നായി അവതരിച്ച ശ്രീകൃഷ്ണഭഗവാന്റെ അനുശാസനം

"തസ്മാച്ഛാസ്ത്രം പ്രമാണം തേ കാര്യാകാര്യവ്യവസ്ഥിതൌ
ജ്ഞാത്വാ ശാസ്ത്രവിധാനോക്തം കർമ്മകർത്തു മിഹാർഹസി"

എന്നാണതാനും.

അപ്രകാരം, തന്റെ പാരമ്പരീയ മതത്തിൽ തനിക്കുള്ള താല്പര്യം ഉപപന്നവും അനുപേക്ഷണീയവുമാണെന്നറിഞ്ഞു് ഗാന്ധിജി അതിൽതന്നെ ഉറന്നിനിന്നു. പക്ഷേ അതു് അന്ധമായൊരു ആചരണമോ അനുസരണമോ അല്ലായിരുന്നു അദ്ദേഹത്തിന്നു്. തന്റെ ജീവിതാനുഭവങ്ങളിലൂടെ സത്യസാക്ഷാൽക്കാരത്തിന്നായുള്ള ബുദ്ധിസ്വാതന്ത്ര്യവികസനമായിരുന്നു അതു്. ഈ വിഷയത്തെ അദ്ദേഹം പരാമർശിക്കുന്നതു് ശ്രദ്ധേയമാണു്. (തുടരും)

# കടംകഥകൾ

*കുട്ടിമ്മാൻ*

1. അസ്ഥിയില്ല, തലയില്ല, കൈക്കൊന്നും വിരലില്ല, അന്യന്റെ കാലുകൊണ്ടു് നടക്കുന്നു. മനുഷ്യനെ വിഴുങ്ങുന്നു.

2. ഊരിയ വാറ ഉറയിലിടുംകാലം പൊന്നിട്ടകത്തി പണയംതരാം

3. കറുത്തവാവിൽ പരിപൂർണ്ണചന്ദ്രൻ.

4. തെക്കുതെക്കാലൊരാലു്, ആലുനിറച്ചു് കൂടു്, കൂടുനിറച്ചു് മുട്ട, മുട്ടനിറച്ചുണ്ണി.

5. ഞാൻപെററകാലം മീൻപെററപോലെ, വാലററകാലം ഞാൻ പെററപോലെ.

6. പുഞ്ചപ്പാടത്തു് വെള്ളംവററി, പുഞ്ചവർണ്ണക്കിളി ചത്തുംപോയി

7. നാഴിനിറയെ വെളുത്ത അവിലു്.

8. നാക്കില്ലാമൃഗം പുല്ലുതിന്നു.

9. വരികവരിക സുഖം, വന്നുദിച്ചാൽ ദുഃഖം, പോകെപ്പോകെ ദുഃഖം, പോയിമറിഞ്ഞാൽ ഭയം.

3-ാം ലക്കത്തിലെ കടംകഥകൾക്കുത്തരം:— 1. തെങ്ങിൻപൂക്കുല, 2. പേനു്, 3. ശവപ്പെട്ടി, 4. അലമാരി, 5. കുന്നിക്കുരു, 6. മഹിഷി.

ഈ ലക്കത്തിലെ ഉത്തരം:— 1. കുപ്പായം, 2. കറന്നപാലു്, 3. സ്ത്രീകളുടെ മുഖം, 4. മരവെട്ടിക്കായ, 5. തവള, 6. നിലവിളക്കു്, 7. വായ, 8. കാലടി, 9. ജനനമരണം.

— * —

സിലോൺ ചരിത്രകഥകൾ

# സിഗിരി അഥവാ സിംഹഗിരി*

ഇന്ത്യക്ക് ഏററവും തൊട്ട് സ്ഥിതിചെയ്യുന്ന സമ്പത്സമൃദ്ധമായ ഒരു വലിയ ദ്വീപാണ് സിലോൺ. ഇതിഹാസകാലം മുതൽക്കുതന്നെ സിലോൺ ഇന്ത്യയോട് ബന്ധപ്പെട്ടിട്ടുണ്ട്. അനേകായിരം ഇന്ത്യക്കാർ ഇന്നും സിലോണിൽ സ്ഥിരമായി പാർക്കുന്നുണ്ട്. സിലോണിൽ സ്ഥിരവാസികളായി വളരെക്കാല്ലം കഴിച്ചുകൂട്ടി നാട്ടിലേക്ക് തിരിച്ച് ഇവിടെ വസിക്കുന്നവരും അനേകം പേരുണ്ട്. ഈ സ്ഥിതിക്ക് സിലോണിനെ സംബന്ധിക്കുന്ന ചരിത്രകഥകൾ നാം അറിഞ്ഞിരിക്കേണ്ടതാണല്ലോ. എന്നുമാത്രമല്ല ഇത്തരം കഥകളിൽ നിന്ന് പല അറിവുകളും നേടാൻ നമുക്ക് സാധിക്കുകയും ചെയ്യും.

സിലോണിൻെറ ഏകദേശം മദ്ധ്യഭാഗത്ത് സ്ഥിതിചെയ്യുന്ന ഡംബുള്ള വിഹാരത്തിൽ നിന്ന് തൃക്കണാമലക്ക് പോകുന്ന പഴയ പാതയിൽക്കൂടി വടക്കുകിഴക്കായി ഏകദേശം എട്ടുനാഴിക ദൂരെയാണ് സിംഹഗിരി സ്ഥിതിചെയ്യുന്നത്. ഉദ്ദേശം അഞ്ഞൂറടിയിലേറെ ഉയരമുള്ള ഈ മല ഒരു വൻകാട്ടിൻെറ നടുവിലാണ് സ്ഥിതിചെയ്യുന്നതെങ്കിലും വളരെ അകലെനിന്നുതന്നെ ഇത് നമ്മുടെ ദൃഷ്ടികൾക്ക് ഗോചരമാണ്. പഴയ തൃക്കണാമലപ്പാതയിൽ നിന്ന് സിഗിരിക്ക് ഒരു പ്രത്യേക ചവിട്ടുവഴിയുണ്ട്. അത് ഒരു കാട്ടുപ്രദേശത്തുകൂടിയാണ് പോകുന്നത്. ഏകദേശം ഒന്നുരണ്ട് നാഴിക പോയാൽ നാം ഒരു വെളിപ്രദേശത്തിൽ എത്തും. അതിൻെറ നടുവിലാണ് ചരിത്രപ്രധാനമായ ഈ മല സ്ഥിതിചെയ്യുന്നത്. മലയുടെ ഒരരികിലായി ഇടിഞ്ഞുതൂർന്നതും ഇപ്പോൾ വർഷക്കാലത്തുമാത്രം ജലം നിറയുന്നതുമായ ഒരു വലിയ തടാകമുണ്ട്. മലയുടെ നാലുഭാഗവും, ചുററുമുള്ള കാടുകളും പരിശോധിക്കുന്നതായാൽ അനവധി കെട്ടിടങ്ങൾ, വിഹാരങ്ങൾ, ചൈത്യങ്ങൾ, ക്ഷേത്രങ്ങൾ മുതലായവയുടെ അവശിഷ്ടങ്ങൾ ധാരാളം കാണാം. ഉദ്ദേശം ആയിരത്തഞ്ഞൂറ് കൊല്ലങ്ങൾക്കുമുമ്പ് ഈ പ്രദേശം ഒരു മഹാനഗരമായിരുന്നുവെന്ന് ഗവേഷകന്മാർ അഭിപ്രായപ്പെടുന്നുണ്ട്.

സിഗിരി മല കയറുന്നത് അപകടം പിടിച്ചതാകയാൽ വളരെ ശ്രദ്ധയോടുകൂടി വേണം കയറുവാൻ. ചവുട്ടി കയറുവാൻ പടികളുണ്ടെങ്കിലും മദ്ധ്യം അത്യന്തം ചെങ്കുത്തോടുകൂടിയതാണ്. അവിടെയുള്ള ചവിട്ടുപടികളും അത്ര നല്ലതല്ല. പിടിച്ചുകയറുവാൻ ഇരുമ്പുകമ്പികൾ വെച്ചിട്ടുണ്ടെങ്കിലും വളരെ സൂക്ഷ്മമായി കയറിയില്ലെങ്കിൽ കാൽതെററി താഴെ വീഴുവാൻ എളുപ്പമാണ്. വളഞ്ഞുതിരിഞ്ഞ ചവിട്ടടികളിൽ കൂടി നാം നടന്ന് മുക

* ലേഖകൻ ഒരു വർഷത്തോളം സിഗിരിയിൽ താമസിച്ചിട്ടുണ്ട്.

ളിലെത്തിയാൽ പരമാനന്ദമാണു്. പത്തിരുപതു് നാഴിക ദൂരം ചുറേറാടു ചുററുമുള്ള പ്രകൃതിവിലാസം കണ്ടാനന്ദിക്കുവാൻ പര്യാപ്തമായ ഒരു സ്ഥലമാണു് ശിഖരം.

സിംഹഗിരിയുടെ ശിഖിരത്തിൽ ഒരു വലുതായ ഗുഹയുണ്ടു്. അഞ്ചെട്ടാളുകൾക്കു് സുഖമായി പെരുമാറുവാൻ തക്ക വലുപ്പമുള്ള ഗുഹയാണതു്.

ഈ ഗുഹക്കകത്തു് കാണുന്ന ചുവരുകളിൽ സിലോണിലെ പ്രാചീന നടപടികളും ഉടുപ്പുസമ്പ്രദായങ്ങളും വിവരിച്ചുവരച്ചു് ചായം കൊടുത്തിട്ടുള്ള ചിത്രങ്ങൾ കാണാം. ഒരു കിടപ്പുമുറിയും അതോടുചേൎന്ന ഒരു ആലോചനാമുറിയും ഇങ്ങനെ രണ്ടായിട്ടാണു് ഈ ഗുഹക്കകം വിഭജിക്കപ്പെട്ടിട്ടുള്ളതു്. കിടപ്പുമുറിയിൽ കട്ടിലായി ഉപയോഗിച്ച നീളവും വീതിയും കൂടിയ മിനുസമേറിയ ഒരു കരിങ്കല്ലുണ്ടു്. ആലോചനാമുറിയിൽ ഇരിക്കുവാൻ പററിയ അഞ്ചാറു് കല്ലുകൾ ഉണ്ടു്. പുറമേ കുളിക്കുവാൻ സൌകൎയ്യമുള്ള ഒരു ചെറിയ പൊയ്കയും കുടിക്കുവാൻ വെള്ളത്തിന്നു് ഒരു ചെറിയ കിണറും ഉണ്ടു്. ആകെക്കൂടി സിംഹഗിരി ശിഖരം കാണികളെ അത്യത്ഭുതപ്പെടുത്തുന്ന ഒന്നാണു്. ഒരുകാലത്തു് ഇവിടെ ആരോ സ്ഥിരവാസം ചെയ്തിരിക്കണം. അതു തെളിയിക്കുന്ന പല വസ്തുക്കളും അവിടെ കാണാം.

ഇന്ത്യയിലെ പ്രബലന്മാരായ തമിഴചോളരാജാക്കന്മാരിൽനിന്നു അടിക്കടി ഉണ്ടായിക്കൊണ്ടിരുന്ന ഭയങ്കര ആക്രമണങ്ങളാൽ സിംഹളർ അത്യന്തം ഭയവിഹ്വലന്മാരായിത്തീൎന്നു. ബുദ്ധമതത്തിന്നു സാരമായ നാശം സംഭവിച്ചു. അനേകായിരം ബുദ്ധമത സന്യാസികൾ നിഷ്ഠുരണം വധിക്കപ്പെട്ടു. വിഹാരങ്ങളും ചൈത്യങ്ങളും നശിപ്പിച്ചു് അവിടങ്ങളിലെല്ലാം ഹിന്ദുക്ഷേത്രങ്ങൾ സ്ഥാപിച്ചു. തമിഴചോളരാജാക്കന്മാരെ തോല്പിച്ചു രാജ്യത്തെ മുൻസ്ഥിതിയിൽ കൊണ്ടുവരാൻ പ്രാപ്തന്മാരായ യാതൊരാളുമുണ്ടായിരുന്നില്ല. മഹാനാമൻ എന്നൊരു ബുദ്ധസന്യാസി ധാതുസേനൻ എന്ന പേരോടുകൂടിയ ഒരു സിംഹളരാജകുമാരനെ ഗൂഢമായി വളൎത്തിയിരുന്നു. ഈ കുട്ടിപ്രായമായതോടുകൂടി ഒരു വമ്പിച്ച സിംഹള പട്ടാളം ശേഖരിച്ചു ശത്രു രാജാക്കന്മാരോടു പോരാടി അവരെ നിശ്ശേഷം തോല്പിച്ചു നാട്ടിൽനിന്നും ആട്ടിപ്പായിച്ചു. മതദ്രോഹികളും രാജ്യദ്രോഹികളുമായ അനേകായിരം സിംഹളന്മാർ ലങ്കമുദ്ദശിച്ചു കൂറുമറന്നു് ശത്രുപക്ഷത്തിൽ ചേൎന്നിരുന്നവരെ മുഴുവനും കൊന്നൊടുക്കി. ശത്രുരാജാക്കന്മാർ നാടിന്നുവരുത്തിത്തീൎത്ത നഷ്ടങ്ങൾക്കു പരിഹാരമുണ്ടാക്കി.

ധാതുസേനൻ അനവധി ചെറുവിഹാരങ്ങളും ശുദ്ധജല തടാകങ്ങളും നിൎമ്മിച്ചിട്ടുള്ളതിന്നു പുറമെ പതിനെട്ടു മഹാവിഹാരങ്ങളും മഹാ തടാകങ്ങളും തീൎത്തിട്ടുണ്ടു്. ഏഴെട്ടുനാഴിക സമചതുരമുള്ള “കാലവീവ” എന്ന ശുദ്ധജലതടാകം ഈ ധാതുസേനന്റെ കാലത്തു നിൎമ്മിച്ചിട്ടുള്ളതാണു്.

ബുദ്ധമതപ്രചരണാൎത്ഥം ആദ്യമായി സിലോണിൽ കാലെടുത്തുവെച്ച അശോകചക്രവൎത്തിയുടെ മകൻ മഹീന്ദ്രനെ ദഹിപ്പിച്ച സ്ഥലത്തു ധാതുസേ

നൻ ഒരു മഹാവിഹാരം തീൎത്തു് മഹീന്ദ്രന്റെ ഒരു ലോഹപ്രതിമ അത്യാഡംബരസഹിതം എഴുന്നള്ളിച്ചു സ്ഥാപിച്ചു ഏഴുദിവസം നീണ്ടുനില്ക്കുന്ന ഒരു ഉത്സവവും നടത്തി ഉത്സവാവസാനത്തിൽ സിലോണിലെ പ്രാചീനചരിത്രങ്ങളെക്കുറിക്കുന്ന "ദീപവംശം" എന്ന ഗ്രന്ഥം സൎവ്വരും കേൾക്കെ ഉറക്കെ വായിച്ചിരുന്നു് ഈ ദീപവംശത്തെയും മററു പല പഴയ ഗ്രന്ഥങ്ങളേയും പഠിച്ചശേഷമാണു് മഹാനാമൻ അദ്ദേഹത്തിന്റെ "മഹാവംശ" ഗ്രന്ഥം രചിച്ചിട്ടുള്ളതു്.

ഇത്രയൊക്കെ പുണ്യവാനായിരുന്ന ധാതുസേനന്റെ അന്ത്യകാലം അത്യന്തം ഭയങ്കരമായിട്ടുള്ളതായിരുന്നു. ധാതുസേനന്നു സ്വന്തം ഭാൎയ്യയിൽ മുകിലൻ എന്നൊരുപുത്രനും നീചജാതിയിലുള്ള ഒരു വെപ്പാട്ടിയിൽ കാശ്യപൻ എന്നൊരു മകനും ഉണ്ടായിരുന്നു. കാശ്യപൻ ചെറുപ്പം മുതല്ക്കേ ദുസ്വഭാവിയും, ദുഷ്ടനും ആയിരുന്നു. അയാൾ യൗവ്വനാരംഭത്തോടുകൂടി നാട്ടിലെ ദുഷ്ടന്മാരും തെമ്മാടികളുമായ ഒരു മഹാസംഘത്തിന്റെ തലവനായി. അവർ രാജ്യത്തു അനേകം അഴിമതികൾ വരുത്തി. തിന്നുപുളച്ചു കുടിച്ചുമതിച്ചു സ്ത്രീനായാട്ടും കൊള്ളയും കൊലയുമായി കൂത്താടുന്ന ഈ ദുഷ്ടസംഘത്തിന്റെ ബലം നാൾക്കുനാൾ വൎദ്ധിച്ചു. പെട്ടന്നു അവർ ധാതുസേനനെ പിടിച്ചു കാരാഗൃഹത്തിലടച്ചു. കാശ്യപൻ രാജാവായി സ്വയം രക്ഷിക്കുവാനൊ പിതാവിനെ തുണക്കുവാനോ ശേഷിയില്ലാതെ മുകിലൻ ഒളിച്ചോടി ഇന്ത്യയിലെത്തി.

ധാതുസേനന്റെവശം ഒരു വലുതായ നിക്ഷേപമുണ്ടായിരിക്കണമെന്നു കരുതി കാശ്യപൻ അതാവശ്യപ്പെട്ടുകൊണ്ടു തന്റെ ദൂതരിൽ ഒരാളെ അയച്ചു. ഹാ! കഷ്ടം! അദ്ദേഹം കയ്യിൽ ഒരു കാശുപോലും കരുതിയിരുന്നില്ല. കാരാഗൃഹത്തിൽ കിടന്നു കഠിനയാതനകൾ അനുഭവിക്കുന്നതിനേക്കാൾ നല്ലതു മരണമാണെന്നു ധാതുസേനന്നു തോന്നി. ഏതു നിമിഷത്തിലെങ്കിലും ദുഷ്ടനായ കാശ്യപൻ അദ്ദേഹത്തിന്റെ ശിരച്ഛേദനം ചെയ്യുമെന്നും അതിന്നു ഒരു കാരണമുണ്ടാക്കുകയാണു് നിക്ഷേപം ചോദിക്കുന്നതു എന്നും ധാതുസേനന്നു അറിയാമായിരുന്നു. ജീവിതത്തിൽ അവശേഷിക്കുന്ന രണ്ടു ആഗ്രഹംകൂടി സാധിച്ചശേഷം മരണം വരിക്കുന്നതിൽ ആ പുണ്യപുരുഷൻ തയ്യാറായിരുന്നു. തന്റെ ഉത്തമ സുഹൃത്തായ മഹാനാമനെ കണ്ടു മതസംബന്ധമായ ചില ഉപദേശങ്ങൾ കേൾക്കുക; താനുണ്ടാക്കിയ പുണ്യതടാകമായ കാലവീവയിൽ സ്നാനം ചെയ്യുക ഇങ്ങനെ രണ്ടാഗ്രഹങ്ങളായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നതു്. ദുഷ്ടനായ കാശ്യപൻ ഈ ആഗ്രഹസാദ്ധ്യത്തിന്നു വഴിപ്പെടുകയില്ലെന്നു രാജാവിന്നറിയാം; അതിനാൽ അദ്ദേഹം ഒരു സൂത്രം പ്രയോഗിച്ചു. ദിവസവും പതിവായി നിക്ഷേപം ചോദിക്കുവാൻ വരുന്ന ദൂതനോടു താൻ കാലവീവാ തടാകക്കരയിലാണു് നിക്ഷേപം സൂക്ഷിച്ചിട്ടുള്ളതു്; അങ്ങോട്ടു കൊണ്ടുപോയാൽ അതു എടുത്തു കൊടുക്കാമെന്നു പറഞ്ഞു. കാശ്യപന്റെ കല്പനപ്രകാരം ധാതുസേനനെ തടാകകരയിലേക്കു കൊണ്ടുപോയി: അവിടെയാണു് മഹാനാമൻ അധിവസിക്കുന്നതു്. ധാതുസേനൻ കാലവീവയിൽ സ്നാനം ചെയ്തു; മഹാനാമനുമായി സംസാരിച്ചു അന്ത്യോപദേശവും സ്വീക

രിച്ചു. ഉടനെ അദ്ദേഹം ദൂതന്മാരെ നോക്കി കൈമലർത്തി. "ഹാ! ഇതു മാത്രമാണ് എൻെറ നിക്ഷേപം" എന്നു പറഞ്ഞു. ഇതു കേട്ടു ക്രോധതാമ്രാക്ഷനായ പിതൃദ്രോഹി കാശ്യപൻ പുണ്യപുരുഷനായ ആ വന്ദ്യപിതാവിനെ ഒരു ചുമരോടുചേർത്തുകെട്ടി അതിന്മേൽ കല്ലുവെച്ചുകെട്ടികൊല്ലുകയാണ് ചെയ്തതു്

ഇന്ത്യക്കു ഓടിരക്ഷപ്രാപിച്ച മുകിലൻ ഒരു വലുതായ സൈന്യത്തോടുകൂടി തിരിച്ചുവന്നു. അദ്ദേഹം അത്യന്തം ദുർഗവും മനുഷ്യർക്കു ചെല്ലുവാൻ അസാധ്യവുമായ ഘോരകാന്താര മദ്ധ്യത്തിലുള്ള സിംഹഗിരിയിൽവന്നു അഭയംപ്രാപിച്ചു അദ്ദേഹം മലമുകളിലും സൈന്യങ്ങൾ കാവലായി മലക്കുചുററും ആണ് പാർത്തതു്.

"മനുഷ്യദൃഷ്ടിയിൽനിന്നു് മറഞ്ഞുകിടക്കുന്നതും അത്യന്തം ദുർഗ്ഗമമായ കാന്താരമദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നതും കയറിച്ചെല്ലുവാൻ വളരെ കഷ്ടപ്പാടും ആപത്തും ഉള്ളതുമായ സിംഹഗിരിയിലാണ് മുകിലൻ കാശ്യപനെ ഭയന്നു് അധിവസിച്ചതു്. അദ്ദേഹത്തിൻെറ അനുചരന്മാർ മലക്കുചുററും തെളിവുവരുത്തി ഗൃഹങ്ങൾ, കോട്ടകൾ മുതലായവ നിർമ്മിച്ചു് മലക്കുചുററും ഒരു വൻമതിലും പണിതു. ഒരു രാജാവിന്നുവേണ്ട എല്ലാം സുഖസൌകര്യങ്ങളും മലക്കു് മുകളിൽ ഏർപ്പെടുത്തി" എന്നിങ്ങനെ "മവാവംശ"ത്തിൽ ഈ സംഭവത്തെ സൂചിപ്പിച്ചു് എഴുതീട്ടുണ്ടു്.

പതിനേഴുവർഷം മുകിലൻ സിംഹഗിരിയിൽ ഒളിഞ്ഞിരുന്നു. അനന്തരം സമയമായെന്നു് മനസ്സിലാക്കി മഹാസമുദ്രംപോലുള്ള തൻെറ വമ്പിച്ച പടയോടുകൂടി ആർത്തിരമ്പി കാശ്യപനെ കുർണ്ണിഗാല എന്ന സ്ഥലത്തുവെച്ചു് കൂട്ടിമുട്ടി. ഇരുഭാഗത്തുമുള്ള സൈന്യങ്ങൾ ഘോരഘോരം പൊരുതി അതിലിടക്കു് കാശ്യപൻ കയറിയിരുന്ന ആന വിരണ്ടു് ഒരു ഭാഗത്തേക്കു് തിരിച്ചോടി. ഇതുകണ്ടു് അയാളുടെ സൈന്യങ്ങൾ രാജാവു് തോററു് ഓടുകയാണെന്നു് കരുതി ഭയപ്പെട്ടു് ഛിന്നഭിന്നമായി നാനാ ദിക്കുകളിലേക്കും പാഞ്ഞു. മുകിലൻെറ സൈന്യങ്ങൾക്കു് അതു് നല്ല തരമായി. അവർ കാശ്യപനെ വളഞ്ഞു; പക്ഷെ അവർ പിടിക്കുന്നതിന്നു് മുമ്പു് അയാൾ തന്നത്താൻ കുത്തിമരിച്ചു.

മുകിലൻ ഒരു പുണ്യവാനായ രാജാവായിരുന്നു. അദ്ദേഹം സിഖിരിയയെ പിതാവായ ധാതുസേനൻെറ സുഹൃത്തു് മഹാനാമന്നു് ദത്തം ചെയ്തു. സിംഹത്തിൻെറ ആകൃതിയോട്കൂടിയതാകകൊണ്ടാണ് ഇതിനെ സിംഹഗിരി എന്നു് പറയുന്നതു്. ചിലർ ഇതിനെ സുഗ്രീവഗിരി എന്നു് തെററായി പറയുന്നുണ്ടു്. ഈ മലമുകളിൽ നിന്നാണത്രെ സുഗ്രീവൻ രാവണസന്നിധാനത്തേക്കു് ചാടിയതു് എന്നാണ് ചിലർ തെററിദ്ധരിച്ചിരിക്കുന്നതു്.

Please circulate in the class and put up on the Notice Board.

# The 3rd Inter-Collegiate All Kerala Thuncheth Memorial Essay Competition in Malayalam

**Thursday 10th November 1960**

(അന്നു് മുടക്കമാണെങ്കിൽ അടുത്ത ദിവസം)

## പ്രവേശനഫീസ്സു് എട്ടണ മാത്രം

### വിഷയവിവരം

1. വിദ്യാഭ്യാസം — അന്നും ഇന്നും
2. കലയും മതവും
3. ജീവിതോദ്ദേശ്യം
4. അനുഭവത്തിൽനിന്നു് ഒരു ചെറുകഥ

ഇവയിൽ ഒന്നായിരിക്കും. ശരിയ്ക്കുള്ള ചോദ്യക്കടലാസ്സ് സമയത്തു് എത്തിക്കുന്നതാണു്. അതതു കാളേജിൽവെച്ചു് പ്രിൻസിപ്പാളോ അദ്ദേഹത്തിന്റെ പ്രതിനിധിയോ പരീക്ഷ നടത്തി പ്രവേശനഫീസ്സോടുകൂടി കടലാസ്സുകൾ താഴെ കാണുന്ന മേൽവിലാസത്തിൽ അയച്ചുതരേണ്ടതാണു്. 40% മാർക്കുവരെ സമ്മാനങ്ങൾ കൊടുക്കുന്നതാണു്. സമ്മാനങ്ങൾക്കുപുറമെ ഈ വർഷംമുതൽ ഒരു വിലപിടിച്ച ട്രോഫിയും ഏർപ്പെടുത്തീട്ടുണ്ടു്. ഏററവും ചുരുങ്ങിയതു് ഇരുപതു പേരെങ്കിലും പങ്കെടുത്ത കാളേജുകൾ മാത്രമേ ട്രോഫിക്കു് അർഹരാകയുള്ളു. ചേരുവാനുദ്ദേശിക്കുന്ന കാളേജുകൾ ഒരു മാസത്തിന്നുള്ളിൽ പേരുവിവരം അറിയിച്ചുതരേണ്ടതാണു്. ബോർഡിന്റെ തീരുമാനം അവസാനത്തേതായിരിക്കും. അതിൽ ചോദ്യം ചെയ്യപ്പെടാവുന്നതല്ല. കൂടുതൽ വിവരങ്ങൾക്കു എഴുതി ചോദിക്കുക. ഈ വർഷം ചില മെഡലുകളും ഏർപ്പെടുത്തീട്ടുണ്ടു്.

*SECRETARY,*
Thuncheth Ezuthachan Office,
Chittur—Cochin, (Palghat Dt.).

Please Circulate in the class and put up on the Notice Board.

# 11-ാമത്തെ സമസ്ത കേരള തുഞ്ചൻ സ്മാരക പ്രബന്ധമത്സരപ്പരീക്ഷ

## 1960 നവമ്പ്ര് 10-ാംനു- വ്യാഴാഴ്ച

അന്ന് മുടക്കമാണെങ്കിൽ അടുത്ത ദിവസം

## *High Schools & Training Schools*

### പ്രവേശനഫീസ്സ് ആറണ

### വിഷയവിവരം

1. ജീവിതോദ്ദേശ്യം
2. സ്കൗട്ട് പ്രസ്ഥാനം
3. പൊതുസേവനം
4. കേരളീയ കലകൾ
5. അനുഭവത്തിൽനിന്ന് ഒരു ചെറുകഥ

## *L. S., H. E., Middle Etc. Schools*

### പ്രവേശനഫീസ്സ് രണ്ടണ

1. സത്യം 2. ശുചിത്വം 3. അനുസരണം

ഇവയിൽ ഏതെങ്കിലുമൊന്നായിരിക്കും. ഇത്തവണ ഓരോ സ്കൂളിലും ഓരോ ക്ലാസ്സും പ്രത്യേകം പ്രത്യേകം പരിശോധിച്ച് സമ്മാനം കൊടുക്കുന്നതാകകൊണ്ട് താരതമ്യവിവേചനത്തിന്ന് ചുരുങ്ങിയത് ഓരോ ക്ലാസ്സിൽനിന്ന് പത്ത് കുട്ടികളെങ്കിലും പങ്കെടുത്തിരിക്കണം. അറുപത് കുട്ടികളിലധികം പങ്കെടുത്ത സ്കൂളുകൾ മാത്രമേ ട്രാഫികൾക്ക് അർഹരാകയുള്ളു. ശരിയായ ചോദ്യം സമയത്ത് അയച്ചുകൊടുക്കുന്നതാണ്. മാർക്കിടുന്നതിൽ കയ്യക്ഷരം പ്രത്യേകം പരിഗണിക്കും. ഇത്തവണ സമ്മാനങ്ങൾക്കുപുറമെ അനുമോദനപത്രവും ചില മെഡലുകളും ഉണ്ടായിരിക്കും.

നിർവ്വാഹകസംഘത്തിന്നുവേണ്ടി
*കാര്യദർശി*
തുഞ്ചത്തെഴുത്തച്ഛൻ ആപ്പീസ്സ്
ചിററൂർ—കൊച്ചിൻ.

---

*N. B:*— പങ്കെടുക്കുവാനുദ്ദേശിക്കുന്ന വരിക്കാരല്ലാത്ത സ്കൂളുകാർ ഒരു മാസത്തിന്നുള്ളിൽ വിവരം അറിയിച്ചാൽ മാത്രമേ സമയത്ത് ചോദ്യക്കടലാസ്സ് അയയ്ക്കാൻ തരപ്പെടുകയുള്ളു.